# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്മണ്ട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/1549/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/11/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്മണ്ട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി4/1549/2021 തീയ്യതി: 23/11/2021

## കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം വാസുദേവന് | ഡെപ്യൂട്ടി ഡയറക്ടർ | 27-10-2021 | 03-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-10-2021 | 03-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.കെ.പി ഹരി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി ശ്രീജ തെക്കൻ ഓഡിറ്റ് ഓഫീസർ
ശ്രീമതി ഷൈന.കെ.എ) അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ജിഷ സാമുവൽ അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ലത.ടി.കെ -സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കുണ്ടൂർ ബിജു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി സതിദേവി .കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.രാജീവൻ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ദീപ രവി വർമ്മ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| | | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ.സരിത | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | | |
| ഡോ.ജയപ്രഭ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീജ എസ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി .ഗീത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ.ജയപ്രകാശ് | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി മഞ്ജുള പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിന്ദി.എൻ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ഡാന | കൃഷി ഓഫീസർ | 01-04-2019 | 22-11-2019 |
| ശ്രീ നസീർ | കൃഷി ഓഫീസർ | 23-11-2019 | 31-03-2020 |
| ശ്രീ.നിധിൻ | അസി.എഞ്ചിനീയർ | 01-04-2019 | 26-07-2019 |
| ശ്രീമതി.സ്മിത എൻ | അസി.എഞ്ചിനീയർ | 27-07-2019 | 31-03-2020 |
| ഡോ.പ്രവീൺ .കെ.ജി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2019 | 09-08-2019 |
| ഡോ.ജയപ്രഭ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-08-2019 | 31-03-2020 |
| ശ്രീ.പ്രദീപ് കുമാർ എം.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-1 |
| 2 | ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-2 |
| 4 | വാർഷിക കണക്ക് - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 23-11-2021) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-3 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-4 |
| 7 | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-4-1 |
| 8 | പദ്ധതി അവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1- 5 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jisha Samuel (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-6 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: T.K.Latha (Senior Grade Auditor, On 29-10-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-8 |
| 12 | ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-9 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-10 |
| 14 | കളക്ഷൻ ചാർജ്ജ് ഈടാക്കിയത് -ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കിയില്ല.<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-11 |
| 15 | കെട്ടിടനിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നതിൽ പുനഃപരിശോധന നടത്തുന്നില്ല<br>Written By: Hari. K.P (Audit Officer (HG), On 06-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-12 |
| 16 | വസ്തുനികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി നികുതി ചോർച്ച തടയാൻ നടപടി സ്വീകരിക്കേണ്ടതാണ്<br>Written By: Hari. K.P (Audit Officer (HG), On 06-11-2021)<br>Last Updated By: Jisha Samuel (Asst. Audit Officer, On 06-11-2021) | 1-13 |
| 17 | ഗ്രീൻ പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-14 |
| 18 | കൃത്യമായ ഡാറ്റ ലഭ്യമായിട്ടും ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി -അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-15 |
| 19 | പുളിക്കൂൽമല കുടിവെള്ള പദ്ധതി - പദ്ധതി രൂപീകരണത്തിലെ | 1-16 |

| | | |
|---|---|---|
| | അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | |
| 20 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-17 |
| 21 | തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-18 |
| 22 | ആശ്രയ പദ്ധതി ജനറൽ അധിക തുക ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-19 |
| 23 | കിടപ്പിലായ വയോജനങ്ങൾക്ക് ചികിത്സയും മരുന്നും പോഷകാഹാരവും -മരുന്ന് നാളിതുവരെ ലഭ്യമായില്ല<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-20 |
| 24 | എസ്.എസ്.എ വിഹിതം നൽകൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി എസ്.സി.പി ഫണ്ട് വകയിരുത്തി എന്നതിന് വ്യക്തതയില്ല.<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-21 |
| 25 | ഷീറ്റിടൽ പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിലുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-22 |
| 26 | പൂക്കുന്ന് മല കുടിവെള്ള പദ്ധതി - തുടർ പ്രവർത്തന വിവരം ലഭ്യമല്ല<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 19-11-2021) | 1-23 |
| 27 | പദ്ധതികൾ സമഗ്രതയോടെ തയ്യാറാക്കാത്തതും, എസ്റ്റിമേറ്റ് പുതുക്കലും പൂർത്തീകരണത്തിലെ കാലതാമസവും<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-24 |
| 28 | പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നില്ല<br>Written By: Jisha Samuel (Asst. Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-25 |
| 29 | സർക്കാർ അനുമതി നൽകാത്ത സാധനങ്ങൾ സിൽക്കിൽ നിന്നും നേരിട്ട് വാങ്ങി<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 23-11-2021) | 1-26 |
| 30 | വരൾച്ചാ ദുരിതാശ്വാസ കുടിവള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-27 |
| 31 | ഊർജ്ജ സംരക്ഷണം -എൽഇഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ പദ്ധതി നിർവഹണം കാര്യക്ഷമമല്ല<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-28 |
| 32 | ഒളിയിമ്മൽ കോളനി സമഗ്ര വികസന പദ്ധതി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-29 |
| 33 | സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-30 |
| 34 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പാലാക്കുന്നക് സംമ്പന്ധിച്ച്.<br>Written By: Shyna A.K (Asst. Audit Officer, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-31 |
| 35 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിക്കുന്നത് സംബന്ധിച്ച് | 1-32 |

| | | |
|---|---|---|
| | Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | |
| 36 | നൻമണ്ട ഗ്രാമ പഞ്ചായത്ത്ബഡ്സ് സ്കൂൾ സ്ഥലം വാങ്ങൽ പദ്ധതി അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തില്ല<br>Written By: Shyna A.K (Asst. Audit Officer, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-33 |
| 37 | പ്ളാസ്റ്റിക്ക് മാലിന്യ രഹിത ഗ്രാമം പദ്ധതി നിർവ്വഹണം-അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-34 |
| 38 | എസ്.എസ്.എ പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-35 |
| 39 | ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് മുൻകൂർ നൽകി-പ്രവർത്തി പൂർത്തിയാക്കിയില്ല<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-36 |
| 40 | മെറ്റീരിയൽ വില -മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രഫണ്ടിൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 06-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 1-37 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഗ്രീൻ പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധികം തുക നൽകി<br>Written By: Sreeja Thekkan (Audit Officer, On 03-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-1 |
| 2 | കൃത്യമായ ഡാറ്റ ലഭ്യമായിട്ടും ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി -അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-2 |
| 3 | പുളിക്കൂൽമല കുടിവെള്ള പദ്ധതി - പദ്ധതി രൂപീകരണത്തിലെ അപാകത<br>Written By: Jisha Samuel (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-3 |
| 4 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്<br>Written By: Jisha Samuel (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-4 |
| 5 | തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്<br>Written By: Jisha Samuel (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-5 |
| 6 | ആശ്രയ പദ്ധതി ജനറൽ അധിക തുക ചെലവഴിച്ചു<br>Written By: Shyna A.K (Asst. Audit Officer, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 3-6 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-5 |

| | | |
|---|---|---|
| 6 | .സ്ഥിരനിക്ഷേപങ്ങൾ.<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: T.K.Latha (Senior Grade Auditor, On 05-11-2021)<br>Last Updated By: Vasudevan M (Deputy Director, On 23-11-2021) | 4-9 |
| 10 | ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: T.K.Latha (Senior Grade Auditor, On 04-11-2021)<br>Last Updated By: Vasudevan M (Deputy Director, On 22-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബഡ്ജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് 12.02.19 ലെ 112 നമ്പർ തീരുമാനപ്രകാരവും, റിവൈസ്ഡ് ബഡ്ജറ്റ് 13/3/20 ലെ 01 തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. നമ്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല.

പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായി കാണുന്നില്ല. സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

നിർവഹണോദ്യോഗസ്ഥരോടും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളോടും ബഡ്ജറ്റ് തയ്യാറാക്കുന്നതിനു വേണ്ടിയുള്ള വിവരങ്ങൾ 27.12.18ന് മുൻപ് സമർപ്പിക്കാൻ 18.12.18 ന് - എ1 -8779/18 നമ്പർ പ്രകാരം കത്തയച്ചിട്ടുണ്ട്. എന്നാൽ ആയുർവേദ മെഡിക്കൽ ഓഫീസർ അസി**സ്റ്റന്റ്** എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ (ഹോമിയോ), വെറ്ററിനറി സർജൻ,എന്നിവർ മാത്രമേ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളൂ. ഘടകസ്ഥാപന മേധാവികളുടെ യോഗം വിളിച്ചതായി കാണുന്നില്ല. സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച് , ജനുവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗ സ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തതായി രേഖകളിൽ കാണുന്നില്ല. പ്രോപ്പോസൽ ആവശ്യപ്പെടാൻ തീരുമാനിച്ചതല്ലാതെ മറ്റ് യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് പ്രോപ്പോസലുകൾ ചർച്ച ചെയ്തതായോ ക്രോഡീകരണം നടത്തിയതായോ കാണുന്നില്ല. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അന്തിമ പ്രൊപ്പോസൽ തയ്യാറാക്കിയതിന്റെ രേഖകളും ഓഡിറ്റിന് ലഭിച്ചിട്ടില്ല. വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചതായി കാണുന്നില്ല.

### 1-1-1 ബജറ്റ് ഡോക്കുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വരവ് / ചെലവ് കണക്കുകളുടെ വൻവ്യതിയാനം വർഷാവസാനം ബജറ്റ് പുതുക്കുമ്പോൾ പോലും ക്രമീകരിച്ചില്ല

ഉദാഹരണം താഴെ കൊടുക്കുന്നു

| ഹെഡ് | ബജറ്റ് പ്രൊവിഷൻ | പുതുക്കിയ ബജറ്റ് പ്രൊവിഷൻ | വാർഷിക കണക്ക് പ്രകാരമുള്ളത് |
|---|---|---|---|
| 110 | 5400000 | 51633330 | 4921730 |
| 130 | 406000 | 385000 | 337904 |
| 171 | 275000 | 337226 | 590103 |
| 180 | 11641000 | 12260000 | 12123391 |
| | | | |

| | | | |
|---|---|---|---|
| 220 | 1296000 | 639284 | 829022 |
| 240 | 16381750 | 14236070 | 1345 |
| 251 | 65722578 | 87498433 | 54755693 |
| 254 | 62000000 | 51250000 | 23440180 |
| 254 | 898000 | 8418650 | 3919264 |

പുതുക്കിയ ബഡ്ജറ്റിൽ പോലും വാർഷിക കണക്ക് വലിയ വ്യത്യാസമാണുള്ളത്. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ കൃത്യതയില്ലായ്മയാണ്. കൂടാതെ വാർഷിക ബജറ്റുമായി ബന്ധപ്പെട്ട ബജറ്റ് പ്രസംഗം, ബജറ്റ് കുറിപ്പുകൾ, ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും, പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് എന്നീ പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ 19-20 വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബഡ്ജറ്റ് സമയബന്ധിതമായി, കൃത്യതയോടെ തയ്യാറാക്കുകയും, കൃത്യമായി രേഖകൾ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 14.01.21 | ഇല്ല | ഇല്ല |

## 1-2-1 വാർഷിക കണക്ക് - അപാകതകൾ

2019 – 20 വർഷത്തെ വാർഷിക കണക്ക്, എ.സി.ആർ. അനുബന്ധ രജിസ്റ്ററുകൾ,സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

3. ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ

ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4. തൊഴിൽനികുതി (എംപ്ലോയീസ്) വാർഷിക കണക്ക് പ്രകാരം ഡിമാന്റും, കളക്ഷനും 1064660/- രൂപയാണ് എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് -1086160/-രൂപയും, കളക്ഷന് 1064660/-രൂപയും,ബാലൻസ് 21500/-രൂപയുമാണ് .വാർഷിക കണക്കും,ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

5. തൊഴിനികുതി (Institutions/Professionals/Traders) ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റും,കളക്ഷനും 548370/- രൂപയാണ് എന്നാൽ വാർഷിക കണക്ക് പ്രകാരം ഡിമാന്റ് -560120/-രൂപയും, കളക്ഷന് 548370/- രൂപയും, ബാലൻസ്

11750/-രൂപയുമാണ്. വാർഷികകണക്കും, ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

6. വിവിധ സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് വിഹിതം 93,00,116/- രൂപ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നു. ഇവയുടെ പദ്ധതി, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങൾ. പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

8.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം തൻവർഷം വസ്തുനികുതി 5764/-രൂപ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈയിനത്തിലുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9.3 വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകൾ (ലേല ഡെപ്പോസിറ്റ് - 25.5.2006 മുതൽ 02.03.2016 വരെ 31515/-രൂപയും, റെന്റ് ഡെപ്പോസിറ്റ് - 12.01.84 മുതൽ 27.03.2014 വരെ 210085/-രൂപയും, അദർ ഡെപ്പോസിറ്റ് - 01.04.2015 മുതൽ 31.03.2016 വരെ 75068/-രൂപയും, കോൺട്രാക്ടേഴ്സ് ഇ.എം.ഡി 01.04.2015 മുതൽ 27.02.2016 വരെ 101820/-രൂപയും,സപ്ലയേർസ് ഇ.എം.ഡി 1250/- 01.04.2015, ബിഡേർസ് ഇ.എം.ഡി -19.10.2016 ലെ 10000/-രൂപയും) തനത്ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

10. B11 ഷെഡ്യൂൾ പ്രകാരം സ്ഥിരം ആസ്തികളുടെ ഡിപ്രിസേഷൻ കണക്കാക്കിയിട്ടുണ്ട് എന്നാൽ ആയത് ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ ലഭ്യമല്ല.

11.B4 ഷെഡ്യൂൾ പ്രകാരം വിവിധ ഫണ്ടുകളുടെ നിക്കീയിരിപ്പായി 1,44,46,294/-രൂപയുണ്ട് . എന്നാൽ (TSC,ICDS,MP FUND,,JOINT VENTURE, കോർപ്പസ് ഫണ്ട് തുടങ്ങിയവ ) നിക്കീബാക്കിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ (എ.സി.ആർ ) എഴുതി സൂക്ഷിച്ചിട്ടില്ല.

12.മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ ആകെ വരവ് 42224562/- (Admin ചെലവ് -1592823/- കൂലി ചെലവ് +40631739) ആണ് എന്നാൽ വാർഷിക കണക്ക് (I-6 ഷെഡ്യൂളിൽ 3,17,71,276/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്

വാർഷിക കണക്കിലെ മേൽ അപാകതകൾക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16 /2019-20/ 03.11.2021)ക്ക് മറുപടി നൽകിയിട്ടില്ല. 3 വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിച്ച്, തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നിയമപരമായ നടപടി സ്വീകരിക്കേണ്ടതും, B4 ഷെഡ്യൂൾ പ്രകാരം വിവിധ ഫണ്ടുകളുടെ നിക്കീയിരിപ്പായി 1,44,46,294/-രൂപയുണ്ട് . നിക്കീബാക്കിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനുള്ള ആധികാരികമായ രേഖകൾ (എ.സി..ആർ ) കൃത്യമായി എഴുതി തയ്യാറാക്കി കാലികമാക്കേണ്ടതുമാണ്. കൂടാതെ പദ്ധതികൾ പൂർത്തികരിച്ച് ബാങ്ക് അക്കൗണ്ടിൽ നീക്കിബാക്കിയുള്ള തുകകൾ അതാത് ഫണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 43149941 |
| ഓഡിറ്റ് വർഷത്തെ വരവ് | 64562871 |
| ആകെ | 10,77,12,812 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 79481122 |
| | |

| | |
|---|---|
| നീക്കിയിരിപ്പ് | 28231690 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ ) | 0 | 10286212 | 10286212 | 10051860 | 234352 | നീക്കിയിരിപ്പ് തുക ലാപ്സായി |
| വികസന ഫണ്ട് (എസ്.സി.പി ) | 0 | 7859412 | 7859412 | 4649632 | 3209780 | നീക്കിയിരിപ്പ് തുക ലാപ്സായി |
| വികസനഫണ്ട് (ടി.എസ്.പി ) | 0 | 2612059 | 2612059 | 1424500 | 1187559 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (റോഡ് ) | 0 | 6199000 | 6199000 | 4846677 | 1352323 | നീക്കിയിരിപ്പ് തുക ലാപ്സായി |
| മെയിന്റനൻസ് (നോൺ റോഡ്) | 0 | 3872000 | 3872000 | 2705679 | 1166321 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9487339 | 9487339 | 6297903 | 3189436 | നീക്കിയിരിപ്പ് തുക ലാപ്സായി |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 12123391 | 12123391 | 12123391 | 0 | |
| എം.എൻ.ആർ.ജി.എ | 10219 | 1592823 | 1603042 | 1532687 | 70335 | ഭരണചെലവുകൾ |
| | --- | 40631739 | 40631739 | 40631739 | ---- | ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് |
| തൊഴിലുറപ്പ് പദ്ധതി 100 ദിന-ഇൻസെന്റീവ് | ---- | 476000 | 476000 | 476000 | ----- | |
| ലൈബ്രറി ഗ്രാന്റ് | 1 | 15580 | 15581 | 15581 | --- | |
| കേരളോത്സവം | 0 | 20000 | 20000 | 20000 | ---- | |
| ബിഫണ്ട് | -- | 196080 | 196080 | 196080 | ---- | |

## 1-4-1 ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾ

2019 -20 വർഷത്തെ എ.സി.ആർ , ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ഫണ്ടിനം | എ.സി.ആർ പ്രകാരം | ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക, |
|---|---|---|
| | നീക്കിബാക്കി | നീക്കിബാക്കി |
| വികസന ഫണ്ട് (ജനറൽ) | 234352 | -1889107 |
| വികസന ഫണ്ട് (എസ്.സി.പി) | 3209780 | 2989192 |
| വികസന ഫണ്ട് (ടി.എസ്.പി) | 1187559 | 1099618 |

മേൽ പ്രകാരമുള്ള ഫണ്ടിനങ്ങളിൽ നിക്കീബാക്കിയിലുള്ള വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അനുബന്ധത്തിലെ (CSS,SSS) പ്രോജക്റ്റുകളും ചെലവുകളും പൂർണ്ണമായി തിരിച്ചറിയുന്നതിന് ചെലവ് പത്രിക പ്രകാരം സാധ്യമാകുന്നില്ല. ലഭ്യമായ ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായി

ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതും, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലെ അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതുമാണ്.

**1- 5 പദ്ധതി അവലോകനം**

| തൻ വർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയവയുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയവയുടെ എണ്ണം | നടപ്പിലാക്കാത്തവയുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 232 | 101 | 39 | 92 | 60.35% |

**ത**ൻവർഷം അംഗീകാരം ലഭിച്ച 232 പദ്ധതികളിൽ 59 എണ്ണം സ്പിൽ ഓവർ പദ്ധതികളാണ് . സ്പിൽ ഓവർ പദ്ധതികൾക്ക് ക്യാരി ഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ സ്പിൽ ഓവർ പദ്ധതികൾക്കായി ചെലവഴിച്ചത് തൻവർഷ പദ്ധതികൾക്കായി ചെലവഴിക്കേണ്ട തുകയാണ്. 18/12/2018 ലെ 3 എ ലെ ഭരണസമിതി തീരുമാന പ്രകാരം 2019-20 ത്തെ വാർഷിക പദ്ധതികൾ അംഗീകരിച്ചിട്ടുണ്ടെങ്കിലും അംഗീകാരം ലഭിച്ച പദ്ധതികളിൽ 92 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല . കൂടാതെ 39 പദ്ധതികൾ ഭാഗികമായി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും, മോണിറ്ററിംഗ് സംവിധാനം കൃത്യമായി പ്രവർത്തിക്കാത്തതും, പദ്ധതികളുടെ ബാഹുല്യവും പദ്ധതികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് തടസ്സമായിട്ടുണ്ട്. പ്രവർത്തന കലണ്ടർ പ്രകാരം പദ്ധതികൾ പൂർത്തികരിക്കുന്നുവെന്ന്

നിർവ്വഹണ ഉദ്യോഗസ്ഥരും, വർക്കിംഗ് ഗ്രൂപ്പുകളും ഭരണസമിതി അംഗങ്ങളും ഉറപ്പ് വരുത്തേണ്ടതും ലഭ്യമാകുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിക്കേണ്ടതാണ്.

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10219 | 1592823 | 1603042 | 1532687 | 70335 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | --- | 40631739 | 40631739 | 40631739 | ---- |

**1-7 ക്ഷേമ പദ്ധതികൾ**

**2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.**

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 136080 | 148 |
| കർഷക തൊഴിലാളി പെൻഷൻ | 4413600 | 1516 |
| വിധവാ പെൻഷൻ | 5368200 | 1868 |
| വാർദ്ധ്യക കാലപെൻഷൻ | 10654500 | 3946 |
| വികലാംഗ പെൻഷൻ | 1587800 | 540 |
| 50 വയസ്സിന് മുകളിലുള്ളവർക്കുള്ള അവിവാഹിത പെൻഷൻ | 744000 | 260 |

| | | |
|---|---|---|
| വിവാഹ ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-10-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,889/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാൻ സ്ഥാപനം മതിയായ ശ്രദ്ധ ചെലുത്തുന്നില്ല. 1998- 1999 വർഷം മുതൽക്കുള്ള റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ടെന്ന് 2018 - 19വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നുണ്ട്. ശ്രദ്ധയിൽപെടുത്തുന്ന അപാകതകൾ സമയബന്ധിതമായി തീർപ്പാക്കുകയെന്നത് സ്ഥാപനത്തിന്റെ കാര്യക്ഷമതയ്ക്കുള്ള സാക്ഷ്യപത്രമാണെന്നത് ഇവിടെ ശ്രദ്ധേയമാണ്. കഴിഞ്ഞ 2 വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ, റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുകയല്ല ,മറിച്ച് ചൂണ്ടിക്കാട്ടിയ അപാകതകൾക്ക് വിശദീകരണം നല്കുകയെന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. ഓഡിറ്റ് വേളയിൽ 2017-18വർഷത്തെ റിപ്പോർട്ടിനുള്ള അനന്തര പരാമർശത്തിനുള്ള മറുപടി ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്ററിൽ തയ്യാറാക്കിയത് പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു . ആയതിൽ അനന്തര പരാമർശ പ്രകാരം നിലനിൽക്കുന്ന ഖണ്ഡികൾക്ക് പൂർണ്ണമായും മറുപടി തയ്യാറാക്കിയിട്ടില്ല.മറുപടി തയ്യാറാക്കിയ ഖണ്ഡികളിൽ രേഖകൾ പൂർണ്ണമല്ല.

റിപ്പോർട്ട് ചെയ്യപ്പെടുന്ന അപാകതകൾ പരിഹരിക്കപ്പെടാതെ നിലനിൽക്കാൻ, റിപ്പോർട്ടുകളോടുള്ള മേൽ സമീപനം കാരണമാകുന്നുണ്ട്. ഓഡിറ്റ് ഫലപ്രാപ്തിയില്ലാത്ത ഒരു പ്രക്രിയയാകാൻ ഇത് ഇടയാകുമെന്ന് ശ്രദ്ധയിൽപെടുത്തുന്നു. ഇക്കാര്യത്തിൽ വിശദീകരണം നല്കേണ്ടതും,ഓഡിറ്റ് പരാമർശങ്ങളിൽ സമയബന്ധിതമായി ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടുന്നുണ്ട്. കാഷ്ബുക്ക് ഡേബുക്ക് എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി എക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ വരവിനങ്ങളുടെ രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഊർജിതമായ നടപടികളുണ്ടായിട്ടുണ്ട്. എന്നാൽ മേൽ റിപ്പോർട്ടുകളിൻമേൽ പിന്നീട് തുടർ നടപടികളൊന്നും ഉണ്ടായതായി കാണുന്നില്ല. മുൻവർഷങ്ങളിൽ വിവിധ വരവിനങ്ങളിലെ ഓഡിറ്റ് പരാമർശങ്ങൾ അപാകതകൾ പരിഹരിച്ചതായി മറുപടി ലഭ്യമാക്കിയതിന്റ അടിസ്ഥാനത്തിൽ ഒഴിവാക്കി നൽകിട്ടുണ്ടെങ്കിലും നിലവിലും സമാന അപാകതകൾ തുടർന്നു വരുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/നികുതിയേതരവരവുകൾ പിരിച്ചെടുക്കുന്ന തിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൽ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

## 1-11 കളക്ഷൻ ചാർജ്ജ് ഈടാക്കിയത് -ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കിയില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 21 (2) പ്രകാരം മറ്റ് സ്ഥലത്തെ ബാങ്കുകളിൽ നിന്നുള്ള ചെക്കുകളുടെ തുകകളിൽ ബാങ്ക് ചാർജ്ജുകൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. അപ്രകാരം ബാങ്ക് ചാർജ്ജ് ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ അത്തരം തുകകൾ പ്രത്യേകം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. ഇപ്രകാരം തനത് വരുമാനത്തിൽ കുറവ് വരുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ ഇതിന് വിരുദ്ധമായി തൊഴിൽ നികുതിയിനത്തിൽ ചെക്കായി വരവ് വന്ന താഴെ പറയുന്ന തുകകളോടൊപ്പം കളക്ഷൻ ചാർജ്ജ് കൂടി ഉൾപ്പെടുത്താതെ തൊഴിൽ നികുതി തുക മാത്രം ചെക്കായി സമർപ്പിച്ചത് മൂലം കളക്ഷൻ ചാർജ്ജ് ഈടാക്കിയപ്പോൾ പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ നഷ്ടം വന്ന തുക (84+169) 253/-രൂപ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| രസീത് നം. തീയതി | അടവാക്കിയ വ്യക്തി | ഇനം | തുക/ചെക്ക് നമ്പർ | തനത് ഫണ്ടിൽ വരവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | വെച്ച തുക/ തീയതി |
| 27.09.2019 | ഡി.ഡി.ഒ ചേളന്നൂർ | തൊഴിൽ നികുതി | 2500/XY2894525 | 2416/18.10.19 |
| 119030500014/01.10.19 | പി.ബിന്ദു. പ്രിൻസിപ്പാൾ | തൊഴിൽ നികുതി | 30000/JF1468973 | 29831/22.11.19 |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 03.11.2021 ലെ ഓഡിറ്റ് എൻക്വയറി നം 15 /2019 – 20 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 21 (2) പാലിക്കേണ്ടതും ,തനത് വരുമാനം നഷ്ടപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

**1-12 കെട്ടിടനിർമ്മാണം ചട്ടങ്ങൾ പാലിക്കുന്നതിൽ പുനഃപരിശോധന നടത്തുന്നില്ല**

കെട്ടിടനിർമ്മാണം ചട്ടങ്ങൾ പ്രകാരം പെർമിറ്റ് അനുവദിക്കുന്ന/നിഷേധിക്കുന്ന സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്ത് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് പിന്നീട് പരിശോധന നടത്തി, പാലിക്കപ്പെടുന്നില്ലെങ്കിൽ അത് റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല. 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ പരിശോധിച്ച തിലും, സൈറ്റ് പരിശോധിച്ചതിലും താഴെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

I) <u>നിർമ്മാണ അനുമതി നിഷേധിച്ച സ്ഥലത്ത് നിർമ്മാണം പുരോഗമിക്കുന്നു</u>

ഫയൽ നമ്പർ എ5-7513/18

മേൽ ഫയൽ പ്രകാരം പ്രസിഡന്റ് നൂറൽ ഹുദാ മസ്ജിദ് ഹൈറുന്നിസ കമ്മിറ്റി, ചീക്കിലോട് സമർപ്പിച്ച കെട്ടിട നിർമ്മാണ അനുമതിക്കുള്ള അപേക്ഷയിൽ 16.11.2018 ന് തന്നെ അനുമതി നിഷേധിച്ച് കത്ത് ഗ്രാമപഞ്ചായത്ത് അപേക്ഷകന് നൽകിയിട്ടുണ്ട്. ഈ കത്തിൽ ബഹു.ജില്ലാ കലക്ടേറ്റിൽ നിന്ന് അനുമതി വാങ്ങേണ്ടതാണ്. നിർമ്മാണം നടത്തുന്ന സ്ഥലം ഡാറ്റ ബാങ്കിൽ ഉൾപ്പെട്ടതാണ് ആധാരത്തിൽ അളവുകൾ ഇല്ല. ഫയൽ എൻ.ഒ.സി/പാർക്കിംഗ് ഏരിയ ഇല്ല എന്നീ കാര്യങ്ങളാണ് കത്തിൽ ചൂണ്ടിക്കാട്ടിയത്. 01.11.2021 ന് നടത്തിയ സ്ഥല പരിശോധനയിൽ (പഞ്ചായത്ത് സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയും, ഓവർസിയറുടെയും സാന്നിധ്യത്തിലാണ് പരിശോധന നടത്തിയത്) പ്രസ്തുത സ്ഥലത്ത് കെട്ടിട നിർമ്മാണം രണ്ട് നിലകളിലായി നടത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടു. പഞ്ചായത്ത് നിർദ്ദേശം ധിക്കരിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നത് വാർഡ് 16 ലെ ചാർജ്ജുള്ള ക്ലാർക്ക് റിപ്പോർട്ട് ചെയ്തതായും കാണുന്നില്ല. കെട്ടിടം നിർമ്മിക്കുന്നത് റഗുലറൈസ് ചെയ്യുവാനോ അല്ലാത്തപക്ഷം പൊളിച്ച് കളയുവാനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) **<u>പ്ലാനിൽ കാണിച്ചതിലും അധികരിച്ച കവറേജ് ഏരിയയിൽ നിർമ്മാണം നടത്തുന്നു</u>**

ഫയൽ നമ്പർ എ5-6919/18

രാഗിണി കിഴക്കേ പറമ്പിൽ എന്നിവർ സമർപ്പിച്ച മേൽ നമ്പറിലുള്ള അപേക്ഷ പ്രകാരം നിലവിൽ 9/230 മുതൽ 248 വരെയുള്ള 9 പീടിക മുറിയ്ക്ക് മുകളിൽ പീടിക സമുച്ചയം പണിയാൻ അനുമതിക്കായി അപേക്ഷിച്ചതാണ്. അപേക്ഷ നിരസിച്ച് കൊണ്ട് 30.11.2018 ന് അയച്ച കത്തിൽ സൈറ്റിൽ പാർക്കിംഗ് കാണിച്ച സ്ഥലം കെട്ടിടമുറിയാണ്. അതിന് കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ട്. അതിനാൽ പാർക്കിംഗ് സൗകര്യമില്ല എന്നത് വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് പെർമിറ്റ് അനുവദിച്ചിട്ടില്ല. രണ്ടാം നിലയ്ക്ക് അനുമതി അനുവദിക്കുമ്പോൾ 8.67 സെന്റ് സ്ഥലത്ത് നിർമ്മിക്കുന്ന ഈ കെട്ടിടത്തിന്റെ കവറേജ് ഏരിയ കൂടുതലായിരിക്കും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

ബി) വാർഡ് 17 ലെ എ.യു.പി സ്കൂൾ ചീക്കിലോട് കെട്ടിട നിർമ്മാണത്തിനായി എ5-4588/17 പ്രകാരം ശ്രീ രവീന്ദ്രൻ നായർ അപേക്ഷിച്ചതിൽ, എ5-117/17-18 പ്രകാരം 10.10.2017 മുതൽ 3 വർഷത്തേയ്ക്ക് പെർമിറ്റ് അനുവദിച്ചു. ഇത് പ്രകാരം ഗ്രൗണ്ട് ഫ്ലോർ 698.25 ച.മീ, ഒന്നാം നില 562.33 ച.മീ, രണ്ടാംനില 307.07 ച.മീ നിർമ്മാണത്തിനാണ് അനുമതി. ഇതിന്റെ കവറേജ് (698.25 X 100/2013.38=34.68) 34.68%ആണ്. തുടർന്ന് 18.05.2018 ന് കെട്ടിടത്തിന് നമ്പർ അനുവദിച്ച് കിട്ടുവാൻ(എ5-3839/18 പ്രകാരം ഫയൽ) അപേക്ഷിച്ചതിൽ, കെട്ടിടത്തിന്റെ പിൻഭാഗത്തുള്ള കെട്ടിടം, സ്റ്റേജ് എന്നിവ കംപ്ലീഷൻ പ്ലാനിൽ കാണിച്ചിട്ടില്ലെന്ന് 05.06.18 ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് പ്ലാൻ ഗ്രാമപഞ്ചായത്തിൽ നൽകി. ഇത് പ്രകാരം ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മിതി 765.09 ച.മീ. ആണ്. അതായത് കവറേജ് 38% ആണ്. (765.09x100/2013.38=38)_10.10.2017 ന് പെർമിറ്റ് അനുവദിക്കുമ്പോൾ എസ്.ആർ.ഒ നമ്പർ 26/2014 തീയതി 13.01.2014 പ്രകാരം കവറേജ് 35%ആണ്. അധിക നിർമ്മിതിയായ 3x2013.38 /100 =60.40 ച.മീ പൊളിച്ച് കളയാൻ നടപടി സ്വീകരിക്കേണ്ടതാണ്.

മേൽ ഫയൽ പരിശോധനയുടെ ഭാഗമായി 01.11.2021 ന് സ്ഥലപരിശോധന നടത്തിയതിൽ സ്കൂൾ കെട്ടിടത്തിന്റെ തെക്ക് ഭാഗം സ്കൂൾ കോംപൗണ്ടിലേക്കുള്ള രണ്ടാമത്തെ വഴി ഇല്ലാതായി. അവിടെ തൊട്ടടുത്തുള്ള സ്വകാര്യ വ്യക്തി താത്കാലിക ഷെഡ് നിർമ്മിച്ചതായി കാണുന്നു. ഈ ഷെഡ് നിർമ്മിക്കാൻ സ്കൂൾ കെട്ടിടത്തിന്റെ ബ്ലോക്ക് ഒന്നിന്റെ ബിൽഡിംഗ് കുറച്ച് പൊളിച്ച് മാറ്റിയതായും കാണാം. ഇതിൽ നിന്നും ഈ സ്ഥലം സ്കൂൾ മാനേജർ

കൈയൊഴിഞ്ഞതാണെങ്കിൽ മേൽ കാണിച്ച കവറേജ് കൂടാനാണ് സാദ്ധ്യത. വാർഡ് ക്ലാർക്ക് ഇക്കാര്യം റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ഇക്കാര്യത്തിൽ അന്വേഷണം നടത്തി സത്വര നടപടിക്രമങ്ങൾ കൈക്കൊള്ളേണ്ടതാണ്.

**1-13 വസ്തുനികുതി - സഞ്ചയ സോഫ്റ്റ് വെയറിൽ മാറ്റം വരുത്തി നികുതി ചോർച്ച തടയാൻ നടപടി സ്വീകരിക്കേണ്ടതാണ്**

2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി താഴെ കൊടുത്ത കംപ്ലീഷൻ പ്ലാൻപരിശോധിച്ചതിലും സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ ഫോറം 6 ലെ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ ഈ നികുതി ഇനത്തിൽ ചോർച്ച സംഭവിച്ചതായി കാണുന്നു. ഫോറം 6 ലെ ക്രമ നമ്പർ 20 ൽ കാണിച്ച അടിസ്ഥാന നികുതി നിർണ്ണയത്തിൻമേലുള്ള വർദ്ധനവിൽ തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ മേൽത്തരം വസ്തുക്കൾകൊണ്ട് നിർമ്മിച്ചവയിൽ 250 ച.മീ. അധിക വിസ്തീർണ്ണത്തോടെയുള്ള തറയ്ക്ക് അടിസ്ഥാന നികുതിയിൽ നിന്ന് 15% വർദ്ധനവ് ഉണ്ട്. ഉയർന്ന ചതുരശ്ര മീറ്ററിൽ നിർമ്മിക്കുന്ന വാണിജ്യ/ക്വാട്ടേഴ്സുകൾ എന്നീ കെട്ടിടങ്ങൾക്ക് ഓരോന്നിനും കെട്ടിട നമ്പർ അനുവദിക്കുന്നതിലൂടെ സഞ്ചയ സോഫ്റ്റ് വെയറിൽ മുകളിൽ ഫോറം 6 ൽ നികുതി കണക്കാക്കുമ്പോൾ ഓരോ കെട്ടിട നമ്പറിലും 250ച.മീ കുറവ് വിസ്തീർണ്ണമാണ് ഇൻപുട്ട് ചെയ്യുന്നത്. അതിലൂടെ നികുതി നിർണ്ണയത്തിൽ 15% വർദ്ധനവ് നഷ്ടപ്പെടുകയാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ/ പേര് | കെട്ടിട നമ്പർ | ആകെ ച.മീ | ഈടാക്കിയ നികുതി | ഓഡിറ്റ് കണക്കാക്കുമ്പോൾ ലഭിക്കുന്ന അടിസ്ഥാന നികുതി | അടിസ്ഥാന നികുതിയിന്മേൽ വർദ്ധനവ് 35% | നഷ്ടം |
|---|---|---|---|---|---|---|---|
| 1 | എ5-7270/17 | 16/377 B | 212.56 | 12754 | 491.14x50 = 24557 | 33152 | 6231 |
| | തങ്കം, ബിജു, | 16/377 C | 215.58 | 12832 | | | |
| | ഷൈജ, സിന്ധു | 16/377 A | 33 | 1335 | | | |
| 2 | | 12/190T | 68.38 (വാസസ്ഥലം) | 392(4 രൂപ/1 ച.മീ) | 255.48x4 = 1022 | 1022+357 1379 | 236 |
| | | 12/190 U | 18.03 | 87 | | | |
| | | 12/190 V | 39.48 | 190 | | | |
| | | 12/190 W | 17 | 82 | | | |
| | 255.48എ5-6100 /18 ഇസ്മയിൽ. കെ | 12/190 X | 31.1 | 150 | | | |
| | | 12/190 Y | 31.09 | 150 | | | |
| | | 12/190 Z | 50.4 | 242 | | | |
| | | 12/190 P | 13.49 (വാണിജ്യം | 539 35രൂപ /1 ച.മീ) | 82.52x35= 2888.2 | 3899 | 604 |
| | | 12/190 Q | 26.95 | 1076 | | | |
| | | 12/190 R | 24.39 | 974 | | | |
| | | 12/190 S | 17.69 | 706 | | | |
| 3 | എ5-5548/ | 12/460 | 166.33 | 6253 | 166.33x25 | | 4143 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 18 മുഹമ്മദ് ഇസ്മയിൽ പി.പി | C മുതൽ K വരെ | (വാണിജ്യം | | /100x50 + 166.33x50 =10396 | | |

മേൽത്തരം ടൈൽസ്/ഗ്രാനൈറ്റ് കൊണ്ട് തറ നിർമ്മാണം ചെയ്ത കെട്ടിടങ്ങളിൽ 250 ച.മീ മാത്രം 15% നികുതി വർദ്ധനവ് അടിസ്ഥാന നികുതിയിന്മേൽ നൽകുന്നത് മാത്രം സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയതിനാൽ ഇത്തരത്തിൽ നികുതി കുറയാനിടയായത്. ഏത് ച.മീ തറ നിർമ്മിതിക്കും മേൽത്തരം വസ്തുക്കൾ കൊണ്ടാണ് ചെയ്തതെങ്കിൽ 15% വർദ്ധനവ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് എെ.കെ.എം നോട് നിർദ്ദേശിച്ച് ആവശ്യമായ മാറ്റം സഞ്ചയയിൽ വരുത്തേണ്ടതാണ്.

## 1-14 ഗ്രീൻ പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ ടെണ്ടറിൽ ക്വാട്ട് ചെയ്തതിനേക്കാൾ അധികം തുക നൽകി

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്റ്റ് നംപർ : 153/20

വകയിരുത്തിയ തുക : 200000(വികസന ഫണ്ട്)

ചെലവ് : 200000 (ബിൽ നംപർ 9/4-7-19)

മേൽ പ്രോജക്റ്റ് മുഖേന ഫിഡ്കോ എന്റർപ്രൈസസ് ,ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന സ്റ്റീൽ പാത്രങ്ങൾ വാങ്ങി 17 വാർഡുകളിലെ എ.ഡി.എസിന് വിവിധ പൊതു പരിപാടികൾക്ക് നിശ്ചിതനിരക്കിൽ നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഫിഡ്കോ ഓരോ ഇനത്തിനും ക്വാട്ട് ചെയ്തിരിക്കുന്ന തുകയും, 49/30-8-2018 ലെ ഇൻവോയ്സ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഓരോയിനത്തിനും ഈടാക്കിയ തുകയും താഴെ കൊടുക്കുന്നു.

| ക്രമ നംപർ | ഇനം | ഒരെണ്ണത്തിന് ക്വാട്ട് ചെയ്ത നിരക്ക് (12% ജി.എസ്.ടി ഉൾപ്പെടെ) | വാങ്ങിയ എണ്ണം | ഈടാക്കേണ്ട വില | ഒരെണ്ണത്തിന് ഈടാക്കിയ നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കിയ വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | Steel Plate-12 Inch Dia (Heavy Type - Rice Plate) | 140 | 1093 | 153020 | 140 | 153020 |
| 2 | Steel Glass - 200 Ml(Heavy Water Glass) | 22 | 1093 | 24046 | 23.9904 | 26221.50 |
| 3 | Steel Glass - 100 Ml(Small For Payasam)) | 17 | 1093 | 18581 | 18.9952 | 20761.75 |
| | ആകെ | | | 195647 | | 200003.25 |
| | സ്ഥാപനത്തിന് നൽകിയ തുക | | | | | 200000 |
| | ഫിഡ്കോയ്ക്ക് അധികമായി നൽകിയ തുക | | | | | 4353 (200000-195647) |

ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(20/19-20 തീയ്യതി.3-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിഡ്കോയ്ക്ക് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയ 4353 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-15 കൃത്യമായ ഡാറ്റ ലഭ്യമായിട്ടും ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി -അധിക ചെലവ്**

2019-20 വർഷത്തിൽ 40,000/- രൂപ അടങ്കൽ തുക യിൽ അസിസ്റ്റൻറ് എൻജിനീയർ നിർവഹണം നടത്തിയ പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ ഒരു ഇനം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പൈപ്പ് ലൈൻ ഇടുന്നതിന് കുഴിയെടുക്കുന്നതിനുള്ള പ്രവർത്തിയാണ്. ഇതിനായി ഒബ്സേർവ്ഡ് ഡാറ്റ ആണ് ഉൾപ്പെടുത്തിയത്. ഒരു ഘനമീറ്റർ വ്യാപ്തിയിൽ പ്രവർത്തി ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 382.89/- രൂപ നിരക്കാണ് ഇതിൽ ഉൾപ്പെടുത്തിയത്. ഈ പ്രവർത്തിക്കായി പ്രൈസിൽ(DAR) ഐറ്റം 2.10.1 ആയി ഡാറ്റ ലഭ്യമാണ്. അതിൻറെ വിവരണം പരിശോധിച്ചാൽ പൈപ്പ് ലൈനുകൾക്കായി കുഴിയെടുത്ത് പൈപ്പിട്ട ശേഷം കുഴി മൂടി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ളതാണ് ഇതെന്ന് കാണാം. ഇതിനായി നിരക്ക് കണക്കാക്കുന്നത് 180 മീറ്റർ നീളത്തിൽ 45 സെ.മീറ്റർ വീതിയിൽ 1.01 മീറ്റർ ആഴത്തിലും(ശരാശരി) കുഴിയെടുക്കുമ്പോൾ വേണ്ടിവരുന്ന 85.05 M3 മണ്ണ് പ്രവർത്തിക്കായിട്ടാണ്. ഇത്തരത്തിൽ തുക കണക്കാക്കി ഒരു മീറ്റർ നീളത്തിന് വേണ്ടിവരുന്ന നിരക്കിൽ എത്തുന്നു.

എന്നാൽ പഞ്ചായത്തിൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ പരിശോധിച്ചാൽ ഇവിടെ 85.05 എം ക്യൂബ് മണ്ണ് പ്രവർത്തിയ്ക്ക് തുക കണക്കാക്കുകയും അത് ഒരു എം ക്യൂബ് പ്രവർത്തിയുടെ നിരക്കിലേക്ക് മാറ്റുകയും ചെയ്തിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 2.8.1 | Rate As Per Item Number 2.8.1 Of SH: Earth Work | Cum | 85.05 | 143.26 | 12184.52 |
| 2.25 | Rate As Per Item Number 2.25 Of SH: Earth Work | Cum | 85.05 | 108.27 | 9207.95 |
| Total | | | | | 21392.47 |
| Cost For 85.05 Cum | | | | | 21392.47 |
| Cost For 1 Cum | | | | | 251.53 |
| Add Water Charges @1% | | | | | 2.51 |
| Add CPOH @ 15% | | | | | 38.1 |
| Cost Index 31.06% | | | | | 90.74 |
| Total With Cost Index | | | | | 382.89 |

അടിസ്ഥാന ഡാറ്റയിൽ ഒരു മീറ്റർ നീളം ചെയ്യാൻ നിരക്ക് കണക്കാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു എം ക്യൂബ് നിരക്ക് കണക്കാക്കുന്ന രീതി അവലംബിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഓഡിറ്റിന് വ്യക്തമാകുന്നില്ല. ഇത്തരത്തിൽ ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തിയതിനാൽ ഉയർന്ന നിരക്കിൽ തുക നൽകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. മേൽവിവരിച്ച രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

യഥാർത്ഥ ഡാറ്റ (ഇനം) ലഭ്യമായിട്ടും, തെറ്റായ രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി കരാറുകാരന് ഈയിനത്തിൽ 33579.45/-രൂപ നൽകിയിട്ടുണ്ട്(എം.ബുക്ക് നം 190/19-20 പേജ് 4 പ്രകാരം 87.7m3 പ്രവൃത്തിയ്ക്ക് 382.89 രൂപ നിരക്കിൽ 33579.45/- രൂപ). യഥാർത്ഥ ഡാറ്റയായ 2.10.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈ ചെലവ് 180.93/-രൂപ നിരക്കിൽ 15,867.5/- രൂപ മതിയാകുമായിരുന്നു. അധികമായി ചെലവാക്കിയ 17712/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

**1-16 പുളിക്കൽമല കുടിവെള്ള പദ്ധതി - പദ്ധതി രൂപീകരണത്തിലെ അപാകത**

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ - 250000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് - 249850ബിൽ നം.9/19-20/16.8.19

ഈ പദ്ധതിയിൽ കിണറിൽ നിന്ന് ടാങ്കിലേയ്ക്ക് ജി.ഐ. പൈപ്പ് ഉപയോഗിച്ച് പമ്പിംഗ് മെയിൻ നിർമ്മിക്കുന്നതിനുള്ള ഇനങ്ങളാണ് (നാലിനങ്ങൾ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി അത്തോളി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചു(കരാർ നം. 52/18-19/1.3.19). ഈ പ്രവൃത്തിയുടെ ടെണ്ടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനു മുമ്പേ 18.12.18 ലെ 2/ബി തീരുമാനപ്രകാരം മേൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ കാരണമായി രേഖപ്പെടുത്തിയത് " ഗുണഭോക്താക്കളുടെ അഭിപ്രായ പ്രകാരം പി.വി.സി. പൈപ്പ് സ്ഥാപിച്ചാൽ കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുമെന്നതിനാൽ" എന്നാണ്. തുടർന്ന് ആദ്യ എസ്റ്റിമേറ്റിലെ നാലിനങ്ങളും ഒഴിവാക്കി, നാല് എക്സ്ട്രാ ഇനങ്ങളുൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കി. ഗുണഭോക്താക്കളുടെ അഭിപ്രായം ആരാഞ്ഞ്/ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് പ്രോജക്ട് തയ്യാറാക്കാൻ സാധിക്കാതിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

എക്സ്ട്രാ ഇനം ഒന്നായി ഉൾപ്പെടുത്തിയത് പൈപ്പ് ഇടുന്നതിനുള്ള ട്രഞ്ചസ് നിർമ്മാണത്തിനുള്ള ഒബ്സേർവ്ഡ് ഡാറ്റയാണ്. തൻവർഷം അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ ഇതേയിനം പ്രവൃത്തിയ്ക്ക് ഉൾപ്പെടുത്തിയ ഒബ്സേർവ്ഡ് ഡാറ്റയിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ഈ പ്രോജക്ടിൽ തുക കണക്കാക്കിയിരിക്കുന്നത്. ഒരു ഘനമീറ്റർ വ്യാപ്തിയിൽ പ്രവൃത്തി ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 382.89/- രൂപ നിരക്ക് പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതിയ്ക്ക് കണക്കാക്കിയപ്പോൾ, ഈ പദ്ധതിയ്ക്ക് കണക്കാക്കിയത് 325.64/-രൂപയാണ് (ഒരേ കോസ്റ്റ് ഇൻഡക്സ് നിരക്കിൽ). ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ഈയിനം പ്രവർത്തിക്കായി പ്രൈസിൽ(DAR) ഐറ്റം 2.10.1 ആയി ഡാറ്റ ലഭ്യമാണ്. ഇതു പ്രകാരം ഒരു മീറ്റർ നീളം പ്രവൃത്തി ചെയ്യാൻ വേണ്ടിവരുന്ന തുകയാണ് കണക്കാക്കുന്നത്. എന്നാൽ അടിസ്ഥാന ഡാറ്റയിൽ ഒരു മീറ്റർ നീളം ചെയ്യാൻ നിരക്ക് കണക്കാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു എം ക്യൂബ് നിരക്ക് കണക്കാക്കുന്ന രീതി അവലംബിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഓഡിറ്റിന് വ്യക്തമാകുന്നില്ല. ഇത്തരത്തിൽ ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തിയതിനാൽ ഉയർന്ന നിരക്കിൽ തുക നൽകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. മേൽവിവരിച്ച രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

അളവു പുസ്തകം 83/18-19 പേജ് 9 പ്രകാരം 80m3 ട്രഞ്ചസ് നിർമ്മാണം നടത്തിയതിന് 325.64രൂപ നിരക്കിൽ ആകെ 26051.2/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഈയിനത്തിന് ഐറ്റം 2.10.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് 14474.4/-(180.93 X 80 )രൂപ മാത്രമായി ചുരുങ്ങുമായിരുന്നു. അധികമായി ചെലവാക്കിയ 11,577/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ചെലവു നടത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-17 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ സംരക്ഷണ പ്രവൃത്തികൾക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാർക്ക് ലഭിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു,

1. നന്മണ്ട സബ്സെന്റർ നവീകരണം (121/20)

അടങ്കൽ - 1,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് - 88585/- ബിൽ നം.18/19-20/18.1.20

നന്മണ്ട സബ്സെന്ററിൽ പല വിധ അറ്റകുറ്റ പണികളും, കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തികളുമാണ് ഇതിലുൾപ്പെട്ടത്. ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 7 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമ്യേന കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് 21459.52/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 13.60.1 പ്രകാരം നൽകിയത് | 14.53.1 പ്രകാരം നൽകാവുന്നത് |
|---|---|
| അളവു പുസ്തകം 172/19-20 പേജ് 29 പ്രകാരം (കോസ്റ്റ് ഇൻഡക്സ് 31.06%) | 560.74 X 72.41 = 40603.18/- |

| | |
|---|---|
| 560.74 X 110.68 = 62062.7/- | |
| അധികം നൽകിയത് = 21459.52/- | |

2. സാംസ്കാരിക നിലയം മെയിന്റനൻസ്(പ്രോ.നം.227/20)

അടങ്കൽ - 1,00,000/- തനതുഫണ്ട്

ചെലവ് - 61397/-

പ്ലാസ്റ്ററിംഗ് പൊളിഞ്ഞിടത്ത് റിപ്പയറും, പെയിന്റിംഗ് പ്രവൃത്തികളുമാണ് ഇതിലുൾപ്പെടുത്തിയത്. എസ്റ്റിമേറ്റിലെ നാലാമത്തെ ഇനം കെട്ടിടത്തിലെ ഗ്രിൽസ്, ജനൽ, ഹാന്റ് റെയിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ പെയിംന്റിഗിനായുള്ളതാണ്. ഇതിനായി ഉൾപ്പെടുത്തിയ ഇനം 13.61.1 ആണ്. അളവു പുസ്തകം 223/19-20 പേജ് 18പ്രകാരം 102.16 M2 പ്രവൃത്തിയ്ക്ക് 102.75രൂപ നിരക്കിൽ 10496.94രൂപ കരാറുകാരന് നൽകി. എന്നാൽ മേൽ ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ പുതിയ നിർമ്മിതിയ്ക്ക് മുകളിൽ ചെയ്യേണ്ട പെയിംന്റിംഗ് പ്രവൃത്തിയാണിതെന്ന് കാണാം. DAR ലെ അദ്ധ്യായം 14ൽ ഐറ്റം 14.54.1ആണ് പഴയ നിർമ്മിതിയ്ക്ക് മുകളിലെ പെയിന്റിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ 67.23/-രൂപ നിരക്കിൽ 6868.23/-രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. ഈയിനം പ്രവൃത്തിയിൽ 3628.71 രൂപയുടെ അധികച്ചെലവുണ്ടായി.

മുകളിൽ വിവരിച്ച രീതിയിൽ റിപ്പയർ വർക്കുകൾക്ക് പുതിയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച ആകെ 25088/- രൂപ (21459.52+3628.71) കരാറുകാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

**1-18 തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്**

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു,

I. പ്രോജക്ട് : വെറ്ററിനറി ഡിസ്പെൻസറി ടോയ് ലെറ്റ് (നം.113/20)

അടങ്കൽ : 1,50,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 96,659/- ബിൽ നം. 16/19-20/18.1.20

വെറ്ററിനറി ഡിസ്പെൻസറിയിൽ പുതിയ ടെയ് ലെറ്റ് നിർമ്മിക്കുന്നതാണ് പ്രോജക്ട്. ഒന്നര ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ടെണ്ടർ ചെയ്ത് 1% കറവ് നിരക്കിൽ ക്വാട്ട് ചെയ്ത കെ.വിശ്വനാഥൻ എന്ന കരാറുകാരനെ ഏല്പിച്ചു. ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനമായി ഉൾപ്പെടുത്തിയത് DARലെ ഐറ്റം 22.6 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ റൂഫ് സ്ലാബിനു മുകളിലെ വാട്ടർ പ്രൂഫിംഗ് പ്രവൃത്തിയ്ക്ക് വേണ്ടിയുള്ള ഇനമാണിതെന്ന് വ്യക്തമാകും. എന്നാൽ ഈ പ്രവൃത്തിയിൽ ടോയ് ലെറ്റിന്റെ അടിവശവും, ഭിത്തിയിലും വാട്ടർ പ്രൂഫിംഗ് ചെയ്യുന്നതിനാണ് ഇതുപയോഗിച്ചിരിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയാരുന്നത് 22.5 എന്ന DAR ലെ ഐറ്റമാണ്. അളവു പുസ്തകം 101/18-19 പേജ് 31പ്രകാരം 10.62 M2 വിസ്തൃതിയിൽ ചെയ്ത ഈ പ്രവൃത്തിയ്ക്ക് 5528.92രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മുകളിൽ വിവരിച്ച ഐറ്റം 22.5 ഉൾപ്പെടുത്തിയിരുന്നെങ്കിൽ 391/ച.മീ. നിരക്കിൽ ഈയിനത്തിലെ ചെലവ് 4152/-മതിയാകുമായിരുന്നു(അധികച്ചെലവ് 1377 രൂപ).

II. പ്രോജക്ട് : പഞ്ചായത്ത് ഓഫീസ് ലാട്രിൻ നവീകരണം (നം.182/20)

അടങ്കൽ : 1,00,000/- തനതുഫണ്ട്

ചെലവ് : 76120/- ചെക്ക് നം.5462404/30.7.19

ഈ പ്രേജക്ട് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തിയപ്പോൾ ടൈൽസ് പൊളിച്ചുമാറ്റി നിലത്ത് ലീക്ക് പ്രൂഫ് മിശ്രിതം ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യാനായി DARലെ ഐറ്റം 22.6 എക്സ്ട്രാ ഐറ്റം 1 ആയി ഉൾപ്പെടുത്തുകയും, അളവു പുസ്തകം 86/18-19 പേജ് 27 പ്രകാരം 20.99 M2 വിസ്തീർണ്ണത്തിൽ പ്രവൃത്തി ചെയ്തതിന് 542.14/-രൂപ നിരക്കിൽ(കോസ്റ്റ് ഇൻഡക്സ് 37.25%) 11379.51/- രൂപ കരാറുകാരന് നൽകി. ഈ പ്രവൃത്തിയ്ക്കായി യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്ന DAR ലെ ഐറ്റം 22.5 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇത് 409.42/ച.മീ. നിരക്കിൽ 8594/-(409.42 X 20.99 = 8593.73) മതിയാകുമായിരുന്നു (അധികച്ചെലവ് – 2785/- രൂപ) .

മേൽ രണ്ടു പ്രവൃത്തികളിലുമായി അധികം നൽകിയ 4162/- രൂപ (1377 + 2785 ) ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതും, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

**1-19 ആശ്രയ പദ്ധതി ജനറൽ അധിക തുക ചെലവഴിച്ചു**

പ്രൊജക്ട് - 2/19-20 ആശ്രയ പദ്ധതി

ചെലവ് - 200000( വികസന ഫണ്ട് ജനറൽ 125000,തനത് ഫണ്ട്- 75000

ബിൽ നമ്പർ - 473109/20.8.19, 462415/20.08.19

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ 200000 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോ ക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത് . ഈ തുക സി.ഡി.എസ് ന് കൈമാറുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ഏതെല്ലാം ഗുണഭോക്താവിന് എത്ര രൂപയാണ് ആവശ്യമുള്ളത് എന്നത് സംബന്ധി ച്ചുള്ള വിശദാംശങ്ങൾ ഒന്നും അസിസ്റ്റൻറ് സെക്രട്ടറി പ്രൊജക്റ്റ് ഫയലി നോടൊപ്പം സമർപ്പിച്ചിട്ടില്ല . 200000 രൂപ സി.ഡി.എസ് ന്റെ പേരിൽ കേരള ഗ്രാമീണ ബാങ്കിലെ 40642101055900 നമ്പർ അക്കൗണ്ടിലേക്ക് തുക കൈമാറുക മാത്രമാണ് ചെയ്തത് . അക്കൗണ്ട് പരിശോധിച്ചതിൽ ഈ പദ്ധതിയിൽ നിന്ന് 2 ഗുണഭോക്താക്കൾക്ക് ആണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ശ്രീമതി സരോജിനി അരീക്കൽ മീത്തൽ വാർഡ് 3, ശ്രീമതി മീനാക്ഷി വാർഡ് 13 എന്നീ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 75000 രൂപ വീതമാണ് ഈ പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് .ബാക്കി തുക സി.ഡി.എസ് ന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആവശ്യകത പരിഗണിക്കാതെ രണ്ട് ലക്ഷം രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് കൈമാറിയിട്ടുള്ളതിനാൽ 50000 രൂപ അധികം വികസന ഫണ്ടിൽ നിന്ന്. ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. സി ഡി എസ് അക്കൗണ്ടിലേക്ക് കൈമാറി കിട്ടുന്ന ഈ തുക ബന്ധപ്പെട്ട എ.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് നൽകുന്നതായാണ് കാണുന്നത് തുക വിനിയോഗിച്ച് ഭവന പൂർത്തീകരണ നടത്തുന്നുണ്ടോ എന്നത് വ്യക്തമാകുന്നില്ല പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ആ കാര്യങ്ങളൊന്നും പരിശോധനാ വിധേയമാക്കുന്നത് ആയി കാണുന്നില്ല. കൃത്യമായ കണക്കില്ലാതെ പദ്ധതി രൂപീകരിച്ച നടപ്പാക്കിയത് മൂലം വികസന ഫണ്ടിൽനിന്ന് 50000 രൂപ അധികം ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 2019-20 തിയ്യതി 2.11.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല ആവശ്യകതയില്ലാതെ പിൻ വലിച്ച വികസന ഫണ്ട് ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിക്കാതെ ശേഷിക്കുന്ന 50,000/- രൂപ സി.ഡി.എസ് ന്റെ അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 കിടപ്പിലായ വയോജനങ്ങൾക്ക് ചികിത്സയും മരുന്നും പോഷകാഹാരവും -മരുന്ന് നാളിതുവരെ ലഭ്യമായില്ല

പ്രോജക്ട് നം-14 /19-20(സ്പിൽ ഓവർ)

അടങ്കൽ -12241 (പൊതുവിഭാഗം സാധാരണവിഹിതം)

ചെലവ്-12241(ബിൽ നംപർ - 4/5-4-19)

നിർവ്വഹണം -മെഡിക്കൽ ഓഫീസർ പി .എച്ച്.സി

പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ കിടപ്പിലായ വയോജനങ്ങൾക്ക് പരിചരണ പ്രവർത്തനങ്ങൾക്കാവശ്യമായ മരുന്നും മറ്റ് സാധനങ്ങളും വാങ്ങുന്നതിനും ,വീട്ടു സന്ദർശനം,വാഹനവാടക,സ്റ്റേഷണറി എന്നിവയ്ക്കുമായി 12241 രൂപ ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 7981 രൂപ താഴെ കൊടുത്തിരിക്കുന്ന ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കുന്നതിനായി മുൻകൂറായി കെ.എം.എസ്സ്.സി.എല്ലിന് കൈമാറിയതാണ്. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ഓഡിറ്റ് തിയ്യതി വരെ സ്ഥാപനത്തിൽ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം | വില(ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|
| 1 | Diaper-Adult(M) | 198 | 5889.94 |
| 2 | Dexorange 200 Ml Syrup | 24 | 2091.26 |
| | | | 7981.00 |

പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്ട് മുഖേന കിടപ്പിലായ രോഗികൾക്ക് ആവശ്യമായ മരുന്നും പരിചരണവും ലഭ്യമാക്കുമ്പോൾ തന്നെ വയോജനങ്ങൾക്ക് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനായി സമാന്തരമായി മറ്റൊരു പ്രോജക്ട് വച്ച് തുക ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അത്യാസന്ന നിലയിലായ വയോജനങ്ങൾക്കുപയോഗിക്കേണ്ട മേൽ മരുന്നുകൾ കെ.എം.എസ്സ്.സി.എല്ലിൽ നിന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(8/19-20 തീയ്യതി.2-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതുവരെ 7981 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 1-21 എസ്.എസ്.എ വിഹിതം നൽകൽ പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി എസ്.സി.പി ഫണ്ട് വകയിരുത്തി എന്നതിന് വ്യക്തതയില്ല.

13ാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ – സ.ഉ.(കൈ)നം.11/2018/തസ്വഭവ തീയ്യതി 29.1.2018 പ്രകാരം, ഗ്രാമപഞ്ചായത്തുകൾ വകയിരുത്തുന്ന എസ്.എസ്.എ പ്രൊജക്ടുകളുടെ വിഹിതങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വേണ്ടി ചെലവഴിക്കുന്ന തുക യഥാക്രമം

പട്ടികജാതി, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതു പ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ എഎസ്.സി.പി ഫണ്ട് വകയിരുത്താൻ പാടുള്ളൂ. പ്രൊജക്ട് നം. 76/20 പ്രകാരം, ബിൽ നംപർ 3/25-6-19 പ്രകാരം 100000/- രൂപ വികസനഫണ്ട് (എസ്.സി.പി) വകയിരുത്തുന്നതിനും ചെലവഴിച്ചതിനും മേൽ നിർദ്ദേശം അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രകാരം പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രമെ എഎസ്.സി.പി ഫണ്ട് വകയിരുത്തിയിട്ടുള്ളൂ എന്ന് ഉറപ്പാക്കേണ്ടതാണ്.

**1-22 ഷീറ്റിടൽ പ്രവൃത്തിയ്ക്ക് ഉയർന്ന നിരക്കിലുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച്**

ഓഡിറ്റ് വർഷത്തിൽ പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ നിർമ്മിതികളിലും അറ്റകുറ്റപണികളിലും പ്രികോട്ടഡ് ജി.ഐ. പ്രൊഫൈൽ ഷീറ്റ് ഇടുന്ന പ്രവൃത്തി നടന്നിട്ടുണ്ട്. ഇതിനായി DAR ലെ ഐറ്റം 12.50 ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതു പ്രകാരം ഒരു ച.മീറ്റർ വിസ്തൃതിയിൽ ഷീറ്റ് ഇടുന്നതിനുള്ള നിരക്ക് 550.4 രൂപയാണ്(കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടാത്ത നിരക്ക്). 31.06% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി 721.35/- രൂപ നിരക്കിലാണ് പഞ്ചായത്തിൽ പ്രവൃത്തികൾ നടത്തിയിരിക്കുന്നത്. ഈ ഐറ്റത്തിന്റെ അടിസ്ഥാന ഡാറ്റ പരിശോധിച്ചാൽ ഷീറ്റിന്റെ വിലയായി ഉൾപ്പെട്ടിരിക്കുന്നത് 375/-(ച.മീറ്ററിന് )രൂപയാണ്. മറ്റു പ്രധാന ഇനങ്ങൾ J ഹുക്ക്, ബിറ്റുമിൻ വാഷർ, ജി.ഐ. വാഷർ എന്നിവയുടെ വിലയും, ലേബർ ചാർജ്ജുമാണ്. നിലവിലെ മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഷീറ്റിന്റെ നിരക്കിൽ വൻ അന്തരം നിലനിൽക്കുന്നതായി കാണാം. സമീപ പഞ്ചായത്തായ കാക്കൂർ പഞ്ചായത്തിൽ ഈയിനം പ്രവൃത്തിക്കായി ഒബ്സേർവ്ഡ് ഡാറ്റാ തയ്യാറാക്കി നിരക്ക് 512.34/- രൂപയായി(കോസ്റ്റ് ഇൻഡക്സ് 31.06%) കുറച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. ഇതിന്റെ ഡാറ്റ പരിശോധിച്ചാൽ ച.മീറ്റർ ഷീറ്റിന് 325/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയതെന്ന് കാണാം. ഉയർന്ന നിരക്ക് ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിനുണ്ടായ അധിക ചെലവിന്റെ വ്യാപ്തി ചുവടെ കൊടുക്കുന്ന ഉദാഹരണങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

1. വനിതാ വ്യവസായ കേന്ദ്രം-കെട്ടിട നിർമ്മാണം (പ്രോ.നം.184/20)

ഈ പ്രോജക്ടിൽ വ്യവസായ കേന്ദ്രത്തിന്റെ മുകൾ നിലയിൽ ഷീറ്റിടുന്ന പ്രവൃത്തിയ്ക്കായി 36 മത് ഇനമായി ഉൾപ്പെടുത്തിയത്, മുകളിൽ വിവരിച്ച രീതിയിൽ DAR ലെ ഐറ്റം 12.50 ആണ്. അളവു പുസ്തകം നമ്പർ 78/18-19 പേജ് 34 പ്രകാരം ആകെ 740.18$m^2$ വിസ്തീർണ്ണത്തിൽ ഷീറ്റിട്ടതിന് 680/-രൂപ നിരക്കിൽ 503322.4/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. കോസ്റ്റ് ഇൻഡക്സ് 37.25%ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 755.42/-രൂപ നിരക്കാണ് ഈയിനത്തിന് ഉൾപ്പെടുത്തിയത്. ഈയിനത്തിന് 10% കുറഞ്ഞ നിരക്കാണ് കരാറുകാരൻ ക്വോട്ട് ചെയ്തത്.

മുകളിൽ വിവരിച്ച രീതിയിൽ സമീപ പഞ്ചായത്തിൽ ഈയിനത്തിന് നൽകിയ ഡാറ്റ പ്രകാരം കണക്കാക്കിയാൽ (കോസ്റ്റ് ഇൻഡക്സ് 37.25% ഉൾപ്പെടെ) 517.26/- രൂപ മാത്രമാണ് ഇതിനു വേണ്ടി വരുന്നുള്ളൂ. ഈ നിരക്കിൽ കരാറുകാരന്റെ 10% കുറവ് വരുത്തി 465.53 രൂപ നിരക്കിൽ 740.18$m^2$ വിസ്തീർണ്ണത്തിന് 3,44,576/- രൂപ മാത്രമാണ് യഥാർത്ഥത്തിൽ ചെലവാകുമായിരുന്നുള്ളൂ. ഈയിനം പ്രവൃത്തിയിൽ മാത്രം 1,58,746/-രൂപയുടെ അധികചെലവ് പഞ്ചായത്തിനുണ്ടായി.

2. പഞ്ചായത്ത് ഓഫീസ് നവീകരണം(പ്രോ.നം.233/20)

പഞ്ചായത്തിന്റെ മുൻവശം ഷീറ്റിട്ട് പൊതുജനങ്ങൾക്ക് സൗകര്യപ്രദമാക്കാനാണ് ഈ പ്രോജക്ടിൽ വിഭാവനം ചെയ്തത്. ഇവിടെയും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഐറ്റം 12.50 ആണ്. എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് അളവു പുസ്തകം 197/19-20 പേജ് 22 പ്രകാരം 54.3m2 വിസ്തീർണ്ണത്തിൽ പ്രവൃത്തി ചെയ്തതിന് 721.35/- രൂപ നിരക്കിൽ 39227.01/- രൂപ നൽകിയിട്ടുണ്ട്.

മുകളിൽ വിവരിച്ച പ്രകാരം കോസ്റ്റ് ഇൻഡക്സ് 31.06% നിരക്കിൽ 512.34/- രൂപ കണക്കാക്കുമ്പോൾ മേൽ വിസ്തൃതിയിലെ നിർമ്മിതിയ്ക്ക് 27,820/-രൂപ (54.3 X 512.34) മതി. ഇവിടെയും ഈയൊരിനത്തിൽ മാത്രം 11,407/-രൂപയുടെ അധിക ചെലവുണ്ടായി.

മേൽ പ്രവൃത്തി സ്ഥലങ്ങൾ ഓഡിറ്റിന്റെ ഭാഗമായി നേരിൽ സന്ദർശിക്കുകയുണ്ടായി. പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ഡാറ്റയുടെ ഭാഗമായ J ഹുക്ക്, ബിറ്റുമിൻ വാഷർ, ജി.ഐ. വാഷർ എന്നിവയുടെ ഉപയോഗം പ്രവൃത്തിയിൽ ഉണ്ടായിട്ടില്ല. ഈ സാഹചര്യത്തിലും മുകളിൽ വിവരിച്ച വിധത്തിലുള്ള ഉയർന്ന നിരക്കിലാണ് കരാറുകാരന് തുക നൽകിയത്.

നിരക്ക് കുറഞ്ഞ മണ്ണ് പ്രവൃത്തി പോലുള്ള ഇനങ്ങളിൽ (ട്രഞ്ചസ് നിർമ്മാണത്തിന് ) DAR ൽ ഡാറ്റ ലഭ്യമായിട്ടും അതുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കിയ സാഹചര്യം പഞ്ചായത്തിലുണ്ട്. പഞ്ചായത്ത് ഫണ്ടിന്റെ വിനിയോഗത്തിൽ സ്വന്തം പണത്തിന്റെ വിനിയോഗത്തിലെന്ന പോലെയുള്ള ശ്രദ്ധ ചെലുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥയുടെ കടമയാണ്. ഇത്തരത്തിൽ ശ്രമിക്കാതെ ഉയർന്ന നിരക്കിലുള്ള ഡാറ്റ ഉൾപ്പെടുത്തി പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ഒരേ ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഒരേയിനം പ്രവൃത്തിയ്ക്ക്

വ്യത്യസ്ത ഡാറ്റകളും, നിരക്കും സ്വീകരിക്കുന്നത് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്.

**1-23 പൂക്കുന്ന് മല കുടിവെള്ള പദ്ധതി - തുടർ പ്രവർത്തന വിവരം ലഭ്യമല്ല**

5,00,000/- രൂപ അടങ്കലിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ കുടിവെള്ള പദ്ധതിയുടെ കിണർ നിർമ്മാണം മാത്രമാണ് വിഭാവനം ചെയ്തത്. ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ച നിർദ്ദേശമനുസരിച്ച് 5മീറ്റർ ആഴത്തിൽ കിണർ കുഴിക്കുന്ന വിധത്തിലാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. കിണർ കുഴിച്ച് മുഴുവൻ ആഴത്തിലും കോൺക്രീറ്റ് സ്റ്റീനിംഗ് നൽകുന്ന വിധത്തിലാണ് എസ്റ്റിമേറ്റ്. എന്നാൽ 06.07.2019ലെ ഭരണസമിതി തീരുമാനം 2/ബി പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു കാരണമായി രേഖപ്പെടുത്തിയത് 3.6 മീറ്റർ ആഴത്തിൽ കിണർ കുഴിച്ചപ്പോൾ നിരപ്പായ പാറ കണ്ടുവെന്നും, ഈ സാഹചര്യത്തിൽ വീണ്ടും കുഴിക്കുന്നത് പ്രയാസമായതിനാലും, പാറ പൊട്ടിക്കുന്ന അവസരത്തിൽ കോൺക്രീറ്റ് ചുമർ കേടാവുമെന്നതിനാലും ഇപ്പോഴത്തെ അവസ്ഥയിൽ നിർമ്മാണം അവസാനിപ്പിക്കാനും, കിണർ സ്ഥലം കരിങ്കൽ സംരക്ഷണഭിത്തി നിർമ്മിക്കുവാൻ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാനും തീരുമാനമെടുത്തു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട താഴെ ചേർക്കുന്ന കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്.

- അളവു പുസ്തകം 77/18-19പ്രകാരം 25.4.2019 ന് കിണറിന്റെ 3.6മീറ്റർ ആഴത്തിലുള്ള കുഴിക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കിണറിന്റെ അടിത്തട്ടിൽ പാറ കണ്ട സാഹചര്യത്തിൽ ആയത് മറികടക്കുന്നതിനുള്ള/ വെള്ളതിന്റെ അളവ് ഉറപ്പാക്കാനുള്ള സാധ്യതകൾ പരിശോധിക്കാതെ കിണർ സ്റ്റീനിംഗ് നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- ഈ പദ്ധതിയിൽ എത്ര ഗുണഭോക്താക്കൾക്കാണ് കുടിവെള്ള സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമല്ല. ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.
- അഞ്ചോളം വരുന്ന എക്സ്ട്രാ ഇനങ്ങളോടെയാണ് എസ്റ്റിമേറ്റ് പുതുക്കിയിരിക്കുന്നത്. അളവു പുസ്തകം പരിശോധിച്ചാൽ ഈ പ്രവൃത്തികളെല്ലാം 14.6.19ന് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും പ്രവൃത്തി പൂർത്തീകരണ ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള തീരുമാനമുണ്ടായതെന്ന് വ്യക്തമാകുന്നു. പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിർദ്ദേശിക്കുന്നതിൽ നിന്നും വ്യത്യസ്തമായി പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
- ഓഡിറ്റിന്റെ ഭാഗമായി പ്രസ്തുത സ്ഥലം ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചപ്പോൾ ഈ കിണറിനു സമീപത്തായി ഒരു കുഴൽ കിണർ നിർമ്മിച്ചിരിക്കുന്നതായി കണ്ടു. ഈ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വ്യക്തമല്ല.
- നിലവിൽ കിണർ നിർമ്മാണം മാത്രം പൂർത്തീകരിച്ച ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ എപ്രകാരം ഉദ്ദേശിക്കുന്നുവെന്നത് സംബന്ധിച്ച വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2018-19വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതി മൂന്നു വർഷം പിന്നിട്ടിട്ടും പദ്ധതി പ്രയോജനപ്രദമാക്കാൻ പഞ്ചായത്തിനായിട്ടില്ല. മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. വിശദാംശംങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തി പദ്ധതി പൂർത്തീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-24 പദ്ധതികൾ സമഗ്രതയോടെ തയ്യാറാക്കാത്തതും, എസ്റ്റിമേറ്റ് പുതുക്കലും പൂർത്തീകരണത്തിലെ കാലതാമസവും**

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വർഷത്തിൽ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് ആറ് പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ മൂന്നെണ്ണം സ്പിൽ ഓവർ പദ്ധതികളും ബാക്കിയുള്ളവ തൻവർഷം വിഭാവനം ചെയ്തവയുമാണ്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് പേര്/ നം. | കരാറുകാരൻ/ കരാർ നം. തിയ്യതി | പ്രവൃത്തി ആരംഭിച്ചത് | പ്രവൃത്തി അവസാനിച്ചത് | എസ്റ്റിമേറ്റ് പുതുക്കാൻ തീരുമാനം |
|---|---|---|---|---|---|
| 1 | ഗ്രാമപഞ്ചായത്ത് ഓഫീസ് അനുബന്ധ പ്രവൃത്തികൾ 147/20 (സ്പിൽ ഓവർ) | റീത്തു. എം.എവി. 22/18-19/25.6.18 | 12.12.18 | 17.1.19 | 2.2.19 |
| 2 | ഗ്രാമപഞ്ചായത്ത് ഓഫീസ് | പി.പി.മൊയ്തീൻ കോയ 38/17- | 12.12.18 | 27.1.20 | 28.2.19 |

| | | | | | |
|---|---|---|---|---|---|
| | നവീകരണം 177/20 (സ്പിൽ ഓവർ) | 18/13.2.18 | | | |
| 3 | ഗ്രാമപഞ്ചായത്ത് ഓഫീസ് ലാട്രിൻ 182/20 (സ്പിൽ ഓവർ) | റീത്തു. എം.എവി. 23/18-19/25.6.18 | 5.4.19 | 20.6.19 | 28.2.19 |
| 4 | ഗ്രാമപഞ്ചായത്ത് ഓഫീസ് റീവയറിംഗ് 213/20 (സ്പിൽ ഓവർ) | ശശീന്ദ്രൻ 26/19-20/9.10.19 | പൊതുമരാമത്ത് വകുപ്പ് വൈദ്യുതി വിഭാഗം അസി.എഞ്ചിനീയർ 27.12.19 ന് അളവെടുത്തു. | | |
| 5 | ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം 213/20 | പി.പി.മൊയ്തീൻ കോയ 47/19-20/26.11.19 | 17.11.2020 | 26.2.2021 | 7.7.2020 |
| 6 | എൽ.എസ്.ജി.ഡി. ഓഫീസ് നവീകരണം 214/20 | വിശ്വനാഥൻ.കെ 41/19-20/29.1019 | 25.1.20 | 24.8.2020 | 7.7.2020 |

മുകളിൽ വിവരിച്ച പട്ടിക പരിശോധിച്ചതിൽ ആറ് പ്രവൃത്തികളിൽ ഒരെണ്ണമൊഴികെ മറ്റുള്ളവയുടെയെല്ലാം എസ്റ്റിമേറ്റ് പുതുക്കേണ്ട അവസ്ഥയുണ്ടായിട്ടുണ്ട്. പുതുക്കേണ്ടി വരാതിരുന്നത് പൊതുമരാമത്ത് വൈദ്യുതിവിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് മാത്രമാണ്. ക്രമ നമ്പർ 1,2 എന്നിവ പരിശോധിച്ചാൽ ഇരു പ്രവൃത്തിയുടെയും മുഴവൻ പ്രവൃത്തിയും പൂർത്തീകരിച്ച ശേഷമാണ് എസ്റ്റിമേറ്റ് പുതുക്കുന്നത് തീരുമാനമെടുത്തതെന്ന് കാണാം.

കരാറിലേർപ്പെട്ട ശേഷം ആദ്യ പ്രവൃത്തി ആരംഭിക്കുന്നതിന് ആറു മാസത്തോളവും, രണ്ടും മൂന്നും പ്രവൃത്തികളിൽ പത്തു മാസത്തോളവും അഞ്ചാമത്തെ പ്രവൃത്തിയിൽ ഒരു വർഷത്തോളവും കാലതാമസം ഉണ്ടായിട്ടുണ്ട്. ഈ കാലയളവിലൊന്നും പ്രവൃത്തി ആരംഭിക്കാത്തത് സംബന്ധിച്ച് കരാറുകാരോട് ആരാഞ്ഞതായി കാണുന്നില്ല. എസ്റ്റിമേറ്റ് പുതുക്കിയ അഞ്ചു പ്രവൃത്തികളും കാലതാമസത്തോടെയാണ് പൂർത്തീകരിച്ചത്. ഈ സമയം കരാറുകാർ തങ്ങളുടെ പ്രവൃത്തി കാലാവധി നീട്ടി നൽകാൻ അപേക്ഷിക്കുകയോ, പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ സ്വന്തം കെട്ടിടത്തിന്റെ അറ്റകുറ്റപ്പണിക്കു പോലും സമഗ്രതയോടെ പ്രൊജക്ട് തയ്യാറാക്കാൻ സാങ്കേതിക വിഭാഗം ശ്രമിച്ചിട്ടില്ല. മുകളിൽ വിവരിച്ച രീതിയിൽ പദ്ധതികൾ സമഗ്രതയോടെ തയ്യാറാക്കാത്തതിനും എസ്റ്റിമേറ്റുകളെല്ലാം പുതുക്കേണ്ടി വന്നതിനും പ്രവൃത്തി പൂർത്തീകരണ ശേഷം എസ്റ്റിമേറ്റ് പുതുക്കുന്ന അവസ്ഥയ്ക്കും, കാലതാമസത്തിന് പിഴ ഈടാക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## <u>1-25 പദ്ധതികൾ സമയബന്ധിതമായി നിർവ്വഹണം നടത്തുന്നില്ല</u>

2019-20 വർഷത്തെ വാർഷിക പദ്ധതിയിൽ അസി.എഞ്ചിനീയർ നിർവ്വഹണം നടത്താനായി വിഭാവനം ചെയ്ത 98 പ്രോജക്ടുകളിൽ 32 എണ്ണം സ്പിൽഓവർ പദ്ധതികളാണ്. ഇവയിൽ 12 എണ്ണത്തിന് തൻവർഷവും ചെലവുണ്ടായില്ല. മൂന്നെണ്ണത്തിൽ ഭാഗിക ചെലവാണുണ്ടായിട്ടുള്ളത്. ചെലവില്ലാതിരുന്നവയിൽ 8 എണ്ണവും, ഭാഗികമായി ചെലവഴിച്ച മൂന്നെണ്ണവും തുടർ വർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതികളായി ഉൾപ്പെട്ടു. ഒരെണ്ണം ഒഴിവാക്കി. ബാക്കി മൂന്നെണ്ണത്തിൽ രണ്ടെണ്ണം സംയോജിപ്പിച്ച് ഒരെണ്ണമായും, മറ്റൊന്ന് അതേ പടിയും പുതിയ പ്രോജക്ടായി രൂപീകരിച്ചുൾപ്പെടുത്തി. വിശദാംശം ചുവടെ കൊടുക്കുന്നു,

<u>ഒഴിവാക്കിയ പദ്ധതി</u>

വനിതാവ്യവസായ കേന്ദ്രം ഷീറ്റിടൽ (പ്രോ.നം.196/20)

<u>പുതിയ പ്രോജക്ടാക്കിയവ</u>

1. പറയരുകുന്നത്ത് കുടിവെള്ള പദ്ധതി (പ്രോ.നം.200/20)

2. അജൈവ മാലിന്യ ശേഖരണം-സ്റ്റോറേജ് ഷെഡ് നിർമ്മാണം-പൂർത്തീകരണം (പ്രോ.നം.199/20)

3. അജൈവ മാലിന്യ ശേഖരണം-സ്റ്റോറേജ് ഷെഡ് നിർമ്മാണം (പ്രോ.നം.202/20)

മേൽ വിവരിച്ചതിൽ രണ്ടും, മൂന്നും പ്രോജക്ടുകൾ ഒറ്റ പ്രോജക്ടായിട്ടാണ് 2020-21ൽ ഉൾപ്പെടുത്തിയത്. മുൻവർഷം ഭാഗികമായി ചെലവഴിച്ച മൂന്നു പദ്ധതികളും തുടർവർഷത്തിൽ പൂർത്തീകരിച്ചു. എന്നാൽ വലിയ അടങ്കലിലുള്ള നാലു പദ്ധതികൾക്ക് തുടർവർഷത്തിലും ചെലവില്ല. പ്രോജക്ട് വിവരം താഴെ കൊടുക്കുന്നു,

| ക്രമ.നം. | പ്രോജക്ട് | അടങ്കൽ |
|---|---|---|
| 1 | കമ്മ്യൂണിറ്റി ടോയ് ലെറ്റ് നിർമ്മാണം - 220/21 | 6,00,000/- |
| 2 | കോളിയോട്ട് മല സാംസ്കാരിക നിലയം നിർമ്മാണം - 221/21 | 38,75,000/- |
| 3 | പറയരുകുന്നത്ത് കുടിവെള്ള പദ്ധതി - 230/21 | 36,00,000/- |
| 4 | അജൈവ മാലിന്യ ശേഖരണം കെട്ടിട നിർമ്മാണം - 240/21 | 25,00,000/- |

29.01.2018 ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 11/2018/ത.സ്വ.ഭ.വ. യിലെ ഖണ്ഡിക10 നിർദ്ദേശ പ്രകാരം ഭേദഗതിയില്ലാത്ത സ്പിൽഓവർ പ്രോജ്കടുകൾ ഏപ്രിൽ മാസം മുതൽ നിർവ്വഹണം നടത്തൊന്നിരിക്കെ 2019-20 വർഷത്തിൽ മേൽ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നതെന്തെന്ന് വ്യക്തമല്ല. 2019-20 വർഷത്തിൽ അസി.എഞ്ചിനീയറുടെ ആകെ പദ്ധതി ചെലവിന്റെ 39% വും സ്പിൽഓവർ പദ്ധതികൾക്കായിട്ടാണ് ചെലവഴിച്ചത്. സമയബന്ധിതമായി മുൻവർഷത്തിൽ പൂർത്തീകരിക്കാതിരുന്നതിനാൽ ഈ പ്രോജക്ടുകൾക്കുള്ള ഫണ്ട് തൻവർഷ അലോട്ട്മെന്റിൽ നിന്നും കണ്ടെത്തേണ്ടി വന്നു. അതുകൊണ്ടു തന്നെ തൻവർഷത്തെ പല പദ്ധതികളും പൂർത്തീകരിച്ചിട്ടും തുക നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ടായി. ഇതിനുദാഹരണമാണ് പൊയിൽതാഴം പനങ്ങോട്ട് മുക്ക് റോഡ് നിർമ്മാണം. ഈ പ്രവൃത്തിയുടെ 5,04,342/- രൂപ വരുന്ന ആദ്യ പാർട്ട് ബിൽ തയ്യാറാക്കിയെങ്കിലും ഫണ്ടിന്റെ ലഭ്യതകുറവു മൂലം ആകെ തുകയിൽ 48801/-രൂപ മാത്രം തൻവർഷം നൽകി. സ്പിൽഓവർ പ്രവൃത്തികൾ പോലും സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുന്നതിൽ സമയക്രമം പാലിക്കേണ്ടതും തൻവർഷ പദ്ധതികൾക്ക് തുകയില്ലാതാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-26 സർക്കാർ അനുമതി നൽകാത്ത സാധനങ്ങൾ സിൽക്കിൽ നിന്നും നേരിട്ട് വാങ്ങി

വി.ഇ.ഒ നിർവ്വഹണം നടത്തിയ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾ മുഖേന സ്റ്റീൽ അതോറിറ്റി ഓഫ് കേരള ലിമിറ്റഡിന്റെബേപ്പൂർ യൂണിറ്റിൽ നിന്നും ടെണ്ടർ കൂടാതെ നേരിട്ട് സ്റ്റീൽ പാത്രങ്ങൾ വാങ്ങി 17 വാർഡുകളിലെ എ.ഡി.എസിന് വിവിധ പൊതു പരിപാടികൾക്ക് നിശ്ചിതനിരക്കിൽ നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ തദ്ദേശസ്വയം സ്ഥാപനങ്ങൾക്ക് ടെണ്ടർ കൂടാതെ സിൽക്കിൽ നിന്നും സ്റ്റീൽ പാത്രങ്ങൾ നേരിട്ട് വാങ്ങാൻ അനുമതിയുള്ള സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം.പേര് | ബിൽ നം/ തീയതി | ചെലവഴിച്ച തുക/ ഫണ്ടിനം | ഇനം | എണ്ണം | ആകെ വില ജി.എസ്.ടി ഉൾപ്പെടെ |
|---|---|---|---|---|---|
| 25/20<br>ഗ്രീൻ പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ | 11/30-7-19 | 200000 (വികസന ഫണ്ട്) | 1.Stainless Steel Dinner Plate(450 G)<br>2.Water Glass(100 G)<br>3.Tea Glass(40 G) | 1479 Set @275/1 Set | 405493 (205493 രൂപ 2020-21 ൽ നൽകി) |
| 164/20<br>പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ | 22/27-1-20 12/30-7-19 | 124963 400000 (വികസന ഫണ്ട്) | 1.Stainless Steel Dinner Plate(450 G)<br>2.Water Glass(100 G)<br>3.Tea Glass(40 G) | 3825 Set @275/1 Set | 1049963 (525000 രൂപ 2019-20 ൽ നൽകി) |
| ആകെ | 724963 | | | | |

മേൽ സാധനങ്ങൾ സിൽക്കിൽ നിന്നും നേരിട്ട് വാങ്ങാൻ സർക്കാർ അനുമതിയില്ലാത്ത സാധനങ്ങൾ ടെണ്ടർ/ക്വട്ടേഷൻ സ്വീകരിക്കാതെ പൊതുമേഖലാ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(19/19-20 തീയ്യതി.3-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. 724963 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

**1-27 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് - 13/2019-20

ചെലവ് തുക - 1460700(1000000-19009/2.8.19, 460700- 19009/30.1.20)

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടി വെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 02.03.2019 ലെ (സാധാ) 500/2019/ത.സ്വ.ഭ.വ. ,നമ്പർ ഉത്തരവ് പ്രകാരം 2019, മാർച്ച് മാസം മുതൽ ജൂൺ മാസം വരെ കുടിവെള്ള വിതരണത്തിനായി 1650000 രൂപ ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ ടെണ്ടർ നടപടികളിലൂടെ വലൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടി വെള്ളം വിതരണം ചെയ്തതിന് 1460700/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴി ച്ചിട്ടുണ്ട്.പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

**1). കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് തിരികെ ലഭിയ്ക്കാൻ നടപടി സ്വീകരിച്ചില്ല**

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. വരൾച്ചാ കാലത്ത് കുടിവെള്ള വിതരണം നടത്തേണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ചുമതലയിൽ ഉള്ള കാര്യമല്ല. 23.12.2017 ലെ (സാധാ) 787/2017/ത.സ്വ.ഭ.വ. നം. ഉത്തരവ് പ്രകാരം റവന്യൂ വകുപ്പിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്തമാണ് ഇത്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചു. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്ന കാരണത്താലാണ് കുടിവെള്ള വിതരണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. എന്നാൽ ഈ തുക തിരികെ ലഭിയ്ക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.ചെലവു തുക റീക്ലൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 1460700 /- രൂപ തനത് ഫണ്ട് പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്.

**2). ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തണമെന്ന നിബന്ധന പാലിച്ചില്ല**

ജില്ലാ തല റവന്യൂ അധികാരികൾക്ക് കുടിവെള്ള വിതരണം സംബന്ധിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിന് GPS ട്രാക്കിങ്ങിനുള്ള സംവിധാനം നിർബന്ധമായും തദ്ദേശ മേധാവികൾ ഏർപ്പെടുത്തണം . GPS ലോഗ്ഗം വാഹന ലേഗ്ഗം പരിശോധന നടത്തി സുതാര്യത ഉറപ്പുവരുത്തിയാണ് തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ തുക വിനിയോഗിക്കേണ്ടത്. എന്നാൽ 2019ൽ ൽ കുടിവെള്ള വിതരണത്തിന് കരാർ ഏറ്റെടുത്ത ശ്രീ.മൊയ്തീൻ കോയ.പി ജലവിതരണത്തിന് ഉപയോഗിച്ച KL 10 AH 9261, KL 59 2975, KL 57 C 6321 എന്നീ വാഹനങ്ങളിൽ GPS സംവിധാനം ഏർപ്പെടുത്തിയ തിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാഹന ലോഗ്ഗം, GPS ലോഗ്ഗം താരതമ്യം ചെയ്തല്ല ചെലവ് തുക കണക്കാക്കിയിട്ടുള്ളത്. 23.02.2017ല (സാധാ) 787/2017/എൽ.എസ്.ജി.ഡി നമ്പർ സരക്കാർ ഉത്തരവ്, 02.03.2019 ലെ (സാധാ) 500/2019/ത.സ്വ.ഭ.വ. ,നമ്പർ ഉത്തരവ്,1/2019-20/18.03.20 നമ്പറിലുള്ള കരാറിലെ വ്യവസ്ഥ, ടെണ്ടർ നിബന്ധനകൾ എന്നിവയിലെല്ലാമുള്ള ജി.പി.എസ് സംവിധാനം ഘടിപ്പിച്ച വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തണമെന്നുള്ള നിബന്ധന പാലിക്കാതെയാണ് ജലവിതരണം നടത്തിയിട്ടുള്ളത്.

**3). ആദായ നികുതി ഈടാക്കാതെ കരാറുകാർക്ക് തുക നൽകി.**

1961 ലെ ആദായ നികുതി നിയമം വകുപ്പ് 194(സി) പ്രകാരം കരാറുകാരന് നൽകിയ തുകയിൽ നിന്ന ആദായ നികുതി ഈടാക്കി ബന്ധെപ്പട്ട വകുപ്പിൽ അടവാക്കണ്ടത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്തവമാണ്. എന്നാൽ 2019 ലെ വരൾച്ചാ കാലത്ത് കുടിവെള്ള വിതരണത്തിനായി താഴെ കാണിച്ച പ്രകാരം തുക ചെലവഴിച്ചപ്പോൾ ആദായ നികുതി ടി.ഡി.എസ് ആയി 2% തുക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ

| വർഷം | കരാറുകാരൻ | ചെലവ് തുക | ഈടാക്കിയ നികുതി | 2% നിരക്കിൽ ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| 2019 | ശ്രീ.മൊയ്തീൻ കോയ.പി | 1460700 | 14607 | 29214 | 14607 |

4)**. ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല**

23.02.2017ലെ (സാധാ) 787/2017/എൽ.എസ്.ജി.ഡി നമ്പർ സരക്കാർ ഉത്തരവ് ഖണ്ഡിക.4(G) പ്രകാരം ജല വിതരണത്തിന് കിലാമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാകലക്ടർ നിർണ്ണയിക്കുന്ന നിരക്കിലേക്കാളും കുറഞ്ഞ നിരക്കിൽ ആണ് ഗ്രാമ പഞ്ചായത്തുകൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട് . എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചല്ല ദർഘാസ് പരസ്യം നൽകിയത്. ടെണ്ടർ നിബന്ധനയിൽ ടെണ്ടറിൽ പെങ്കെടുക്കുന്നവർ അവർക്ക് 1000 ലിറ്ററിന് എത്ര നിരക്കാണ് എന്നാണ് രേഖപ്പെടുത്തേണ്ടത് എന്നാണ് വ്യക്തമാക്കുന്നത്. 28.3.20 ലെ പഞ്ചായത്ത് സർക്കാർ ഉത്തരവിന് വിരുദ്ധമായി കുടിവെള്ള വിതരണം ലിറ്റർ നിരക്കിൽ ക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

5)**വിതരണം ചെയ്ത കുടിവെള്ളത്തന്റെ ഗുണനിലവാരം ഉറപ്പു വരുത്തിയില്ല.**

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പടുന്നതാണ്. ടാങ്കർലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് &രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ ടാങ്കുകളിൽ മാത്രേമ സംസ്ഥാനത്ത് കുടിവള്ളം വിതരണം /വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങളക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കൂടാതെ വിതരണം ചെയ്ത കുടിവെള്ളം ഗുണ നിലവാരം പരിശോധിച്ചതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കുടിവെള്ള വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. കരാറുകാരൻ കുടിവെള്ള വിതരണം നടത്തുന്നതിനായി 3 വാഹനങ്ങൾ ഉപേയാഗിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി സ്ലി (14/ 2019-20 തിയ്യതി 2.11.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക റീ ക്ലപ്പ് ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതും ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള രേഖകൾ പരിശോധനയ്ക്ക്ഹാജരാക്കേണ്ടതുമാണ്.

**1-28 ഊർജ്ജ സംരക്ഷണം -എൽഇഡി തെരുവുവിളക്കുകൾ സ്ഥാപിക്കൽ പദ്ധതി നിർവഹണം കാര്യക്ഷമമല്ല**

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019- 20 വർഷത്തിൽ താഴെ കാണിച്ച പ്രകാരം തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് തുക ബിൽ നമ്പർ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 11 /19 20 നാട്ടുവെളിച്ചം തെരുവിളക്ക് സ്ഥാപിക്കൽ | 500000ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 498781 - 30476/23.1.20 | 17 വാർഡുകളിൽ 180 എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചു,CREWS ൽ നിന്ന് നേരിട്ട് |
| 2 | 157 /19-20 തെരുവിളക്ക് റിപ്പയർ | 200000ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 199640 30476/23.1.20 | 17 വാർഡുകളിൽ 217 സി.എഫ്.എൽ ബൾബുകൾ റിപ്പയർ ചെയ്തു. ഉഷ ഇലക്ട്രോണിക്ക്സ് എന്ന സ്ഥാപനം ടെണ്ടർ വഴി |
| 3 | 42/19-20 | 134000 | 34000 | 6 എസ്.ടി |

| | | | | |
|---|---|---|---|---|
| | എസ്.ടി കോളനി തെരുവിളക്ക് സ്ഥാപിക്കൽ | (34000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, 100000- തനത് ഫണ്ട് ) | 30562/23.1.20 99336 19038/23.1.20 | വാർഡുകളിൽ 56 എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചു,CREWS ൽ നിന്ന് നേരിട്ട് |
| 4 | 12/19 -20 തെരുവു വിളക്കുകൾ റിപ്പയർ | 300000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | 0 | പദ്ധതി നടപ്പിലാക്കിയില്ല |
| 5 | 152 നാട്ടുവെളിച്ചം തെരുവ് വിളക്ക് സ്ഥാപിക്കൽ | 373755ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | 200000 67206/11.4.20 | 95 തെരുവ് വിളക്കുകൾ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സ്ഥാപിച്ചു |
| 6 | 223/19-20 തെരുവ് വിളക്ക് സി,എഫ്.എൽ മാറ്റി എൽഇഡി സ്ഥാപിക്കൽ | 506000 ധനകാര്യ കമ്മീഷൻ ഗ്രാന്റ്, | 0 | 20-21ൽ 177 എണ്ണം സ്ഥാപിച്ചു |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ കൊടുക്കുന്നു .

1) <u>ഗ്യാരണ്ടി നിലവിലുള്ള സിഎഫ്എൽ വൈദ്യുതി വിളക്ക് മാറ്റി എൽഇഡി സ്ഥാപിച്ചത് സംബന്ധിച്ച്</u>

ക്രമ നം. 2 പ്രകാരമുള്ള തെരുവിളക്ക് റിപ്പയർ പദ്ധതിയിൽ 217 തെരുവുവിളക്കുകൾ ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് റിപ്പയർ ചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ട്. (24 / 22. 2 .19 ) കരാർ പ്രകാരം 17 വാർഡുകളിൽ 217 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനാണ് ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനവുമായി 22.2.19 കരാറിൽ ഏർപ്പെട്ടിട്ടുള്ളത് പ്രൊജക്റ്റ് പ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ട പോസ്റ്റുകളിൽ നിലവിൽ റിപ്പയർ ചെയ്തിരിക്കുന്ന വിളക്കുകൾക്ക് ഒരു വർഷത്തെ വാറണ്ടി ഉഷ ഇലക്ട്രോണിക്സ് എന്ന സ്ഥാപനം നൽകുമെന്ന് വ്യവസ്ഥയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കരാർ നിബന്ധന പ്രകാരം സി എഫ് എൽ ബൾബുകൾ ഇലക്ട്രിക് പോസ്റ്റുകളിൽ നിന്ന് അഴിച്ചുമാറ്റി പുതിയത് സ്ഥാപിക്കുന്നതിനാണ് കരാർ ഒപ്പ് വെച്ചത്. ആയതു പ്രകാരം ജൂലൈ 2019 ൽ 17 വാർഡുകളിലായി 217 Cfl ബൾബുകൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കരാർപ്രകാരം മറ്റിയിട്ടുള്ള/റിപ്പയർ ചെയ്തിട്ടുള്ള സിഎഫ്എൽ ബൾബുകളുടെ ഗ്യാരണ്ടി കാലാവധി കഴിയുന്നത് ജൂലൈ 2020 ൽ ആണ് എന്നാൽ ഈ ഗ്യാരണ്ടി യിൽ ഉൾപ്പെട്ട ചില വാർഡുകളിലെ സി. എഫ്. എൽ ബൾബുകൾ മാറ്റി 2020 ഫെബ്രുവരിയിൽ ക്രമ നം 1 പ്രകാരമുള്ള നാട്ടുവെളിച്ചം തെരുവിളക്ക് സ്ഥാപിക്കൽ എന്ന പദ്ധതിയിൽ പുതിയ എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വാർഡ് | 11/19-20 പദ്ധതിയിൽ വാറന്റി യുള്ള സിഎഫ് എൽ മാറ്റിയതിന്റെ എണ്ണം |
|---|---|
| 1 | 4 |
| 2 | 1 |
| 3 | 2 |
| 5 | 1 |
| 6 | 7 |
| 7 | 4 |
| 8 | 8 |
| 9 | 2 |
| 10 | 8 |
| 11 | 3 |
| 13 | 11 |

| | |
|---|---|
| 14 | 5 |
| 16 | 5 |
| 17 | 1 |
| ആകെ | 62 |

ഗ്യാരണ്ടി നിലവിലുള്ള സി,എഫ്.എൽ ബൾബുകൾ ഗ്യാരന്റി കാലയളവിൽ തന്നെ മാറ്റി പുതിയ എൽഇഡി സ്ഥാപിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

2) തെരുവ് വിളക്കുകൾ എൽഇഡി ബൾബുകൾ ആക്കിമാറ്റുന്ന പദ്ധതികൾ വർഷങ്ങളായി നടപ്പിലാക്കിവരുന്നു എങ്കിലും ഊർജ്ജസംരക്ഷണ ത്തിൻറെ ഭാഗമായി വൈദ്യുത ചെലവ് കുറയ്ക്കാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ 2017- 18 വർഷം മുതൽ തന്നെ നിലവിലെ Cfl ബൾബുകൾ മാറ്റി പുതിയ എൽഇഡി ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| വർഷം | സ്ഥാപിച്ച എൽ ഇ ഡി ബൾബുകൾ (തെരുവ് വിളക്ക് റജിസ്റ്റർ പ്രകാരം) |
|---|---|
| 16-17 | 288 |
| 17-18 | 156 |
| 18-19 | 95 |
| 19-20 | 418 |
| 20-21 | 177 |
| ആകെ | 1134 |

ആകെ 1176 തെരുവുവിളക്കുകൾ ഉള്ളതിൽ 1134എണ്ണത്തിലും സി എഫ് ലുകൾ മാറ്റി എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജിൽ യാതൊരു കുറവും വരുന്നതായി കാണുന്നില്ല. 2019-20 ലെ ശരാശരി വൈദ്യുത ചാർജ് 13957 രൂപയാണ്. 2020-21 ൽ 14588 ഉം , 2021-22ൽ 14905 രൂപയുമാണ് തെരുവ് വിളക്കുകളുടെ ശരാശരി വൈദ്യുതി ചാർജ്. എൽ ഇ ഡി ബൾബുകൾ സ്ഥാപിച്ച സാഹചര്യത്തിൽ വൈദ്യുതി നിരക്കിൽ കുറവ് വരേണ്ടതാണ്. വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ വൈദ്യുതി ബില്ലുകൾ വർദ്ധനവ് അല്ലാതെ കുറവ് വരുന്നതായി കാണുന്നില്ല കെഎസ്ഇബി യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകൾ വൈദ്യുതിചാർജ് പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായോ തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതായോ കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3) ക്രമനമ്പർ 5 പ്രകാരം 95 തെരുവ് വിളക്കുകൾ സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്നുണ്ട് അവയുടെ തുടർ പ്രവർത്തനങ്ങൾ എങ്ങനെയെന്ന് വിശദീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരയമം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-29 ഒളിയിമ്മൽ കോളനി സമഗ്ര വികസന പദ്ധതി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒളിയിമ്മൽ കോളനി സമഗ്രവികസനത്തിന്റെ ഭാഗമായി 8 ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് വേണ്ടി ധനസഹായം നൽകുന്നതിന് 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | വകയിരുത്തിയ തുക | ചെലവ് തുക, ബിൽ നമ്പർ തിയ്യതി | റിമാർക്ക്സ് |
|---|---|---|---|
| 203/19-20 | 620000 ജില്ലാപഞ്ചായത്ത് വിഹിതം | 0 | 2016-17 വർഷത്തിൽ ആരംഭിച്ച പദ്ധതി |
| 237/19-20 | 425850<br>വികസന ഫണ്ട്<br>എസ് സി.പി | 350000<br>587793,87,97,92/<br>23.3.20 | പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |

പദ്ധതി നടത്തിപ്പിലെ അപാകകതകൾ ചുവടെ ചേർക്കുന്നു

1) 2016- 17 വർഷത്തിൽ ആരംഭിച്ച പദ്ധതിയാണ് ഇത് .168/16-17, 87/17-18, 172/ 18 -19 ലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ആശ്രയ വിഭാഗത്തിൽപ്പെട്ട 8 ഗുണഭോക്താക്കൾ ആണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിൽ നിന്നു ലഭിച്ച ഫണ്ട് ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

2) 2019 -20 വർഷത്തിൽ ലൈഫ് ഭവനപദ്ധതി ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി മേൽ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനാണ് 237/ 19-20 പദ്ധതി നടപ്പിലാക്കിയത് . ഇതിൽ 425850 രൂപവികസന ഫണ്ട് വകയിരുത്തി 350000 രൂപ മാത്രം ചെലവഴിച്ച് ഫണ്ട് പാഴാക്കിയിട്ടുണ്ട് .

3) പദ്ധതിയുടെ സ്കീം രജിസ്റ്റർ പരിശോധിച്ചതിൽ 80000 രൂപ കൈപ്പറ്റിയ ശ്രീ. ഗോപാലൻ എന്ന ഗുണഭോക്താവിന് 80000 രൂപ പദ്ധതി ആനുകൂല്യം നൽകിയത് റജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.18.7.18 വരെ 275000 രൂപ കൈപ്പറ്റിയതിന്റെ വിവരം മാത്രമാണ് റജിസ്റ്ററിൽ ഉള്ളത്.

4) ശ്രീമതി. കല്യാണി മാവുള്ളതിൽ എന്ന ഗുണഭോക്താവിന് 105850 രൂപ മാത്രമാണ് ഇതുവരെ നൽകിയിട്ടുള്ളത് .ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

5) ശ്രീ വിനോദ് കുമാർ എന്ന ഗുണഭോക്താവിന് 23.3.20 വരെ 304000 രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ടിയാൻറെ വീടിന്റെ മേൽക്കൂര നിർമ്മാണ പ്രവർത്തി പൂർത്തിയായതായി കാണുന്നില്ല

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 8 ഗുണഭോക്താക്കൾക്കും ഭവന നിർനിർമ്മാണം പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-30 സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് ലഭിച്ച തുക വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു

സംയുക്ത പ്രൊജക്ട് നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടുള്ള ഫണ്ടുകൾ സമയബന്ധിതമായി വിനിയോഗിക്കാതെ/പൂർണ്ണമായി ചെലവഴിക്കാതെ, സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

13ാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ സ.ഉ. (പി) 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങളനുസരിച്ചായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1) ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന്, മേൽ തുക മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ മേൽ സ്ഥാപനത്തിന് കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ചു നൽകേണ്ടതുമാണ്.

3) നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി. എസ്. ബി അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, അൺ ക്യാഷ്ഡ് ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

4) സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത്, സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട്മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയുള്ള പദ്ധതി നിർവ്വഹണത്തിൽ സാമ്പത്തിക വർഷാവസാനത്തിൽ 2019-20 വർഷത്തെ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ഷെഡ്യൂൾ 4 പ്രകാരം 31.3.2020 ന് സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ജില്ലാ പഞ്ചായത്തിൽ നിന്നും വിവിധ പദ്ധതികൾക്കായി മുൻ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചിട്ടുള്ള 9300116 രൂപ വിനിയോഗിക്കാതെ / തിരിച്ചടക്കാതെ അവശേഷിക്കുന്നു. ഈ തുകകൾ ബന്ധപ്പെട്ട തദ്ദേശ സാഥാപനങ്ങൾ ചെലവായി കാണിച്ചിട്ടുള്ള തുകകളാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| ഹെഡ് ഓഫ് അക്കൗണ്ട് | മുൻബാക്കി | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 320700104<br>(ബ്ലോക്ക് വിഹിതം) | 2784645 | 0 | 497932 | 2286713 |
| 320700204<br>(ബ്ലോക്ക് വിഹിതം) | 2532560 | 3036000 | 2647508 | 2921052 |
| 320700105<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | 6273098 | 0 | 2375301 | 3897797 |
| 320700205<br>(ജില്ലാ പഞ്ചായത്ത് വിഹിതം) | 764554 | 150000 | 720000 | 194554 |
| ആകെ | | | | 9300116 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും 9300116 അടിയന്തിരമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 1-31 അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പാലാക്കുന്നക് സംമ്പന്ധിച്ച്.

ഗ്രാമപഞ്ചായത്തിലെ അഗതിരഹത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധി ക്കപ്പെട്ടവരുമായ കുടുംബങ്ങൾക്ക് ഭൂമി, വീട്, കക്കൂസ്, തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവരുക എന്നതാണ് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് മുഴുവനും ഭവന നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയി രുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/ 2017/ തസ്വഭവ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമി യുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ 14.09.2018 ലെ സ.ഉ(എം.എസ്)/128/2018/തസ്വഭവ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടു ത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണ ഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ അഗതി കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവനം ആവശ്യമുള്ളതും, നിലവിലും ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരുമായ 17 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| 1 | അസീസ് ഇരിങ്ങാടി | 9 |
| 2 | ദേവി മരക്കാട്ട് മീത്തൽ | 10 |
| 3 | പദ്മാവതി ഇപ്പൂത്തിക്കണ്ടി | 2 |
| 4 | സത്യവതി താനിക്കുഴിയിൽ | 9 |
| 5 | മീനാക്ഷി മുഴിപ്പുറത്ത് | 6 |
| 6 | മുരളി കുറുമ്പ്രുകണ്ടി | 12 |
| 7 | ഗീത കീരിപ്പൊയിൽ | 9 |
| 8 | ശാന്ത പറമ്പിൽ | 9 |
| 9 | ആയിഷ നമ്പ്യാറത്ത | 17 |
| 10 | സരോജിനി പറയൻ കണ്ടി | 11 |
| 11 | പത്മാവതി പള്ളിക്കരമ്മ | 5 |
| 12 | ശ്രീമതി കോളിക്കൽ പുറായിൽ | 3 |
| 13 | വിലാസിനി തെരുവത്തക്കാട്ടിൽ | 15 |
| 14 | ഇമ്പിച്ചി അമ്മദ് മൈലക്കാട്ട് | 17 |
| 15 | ഫാത്തിമ്മ മൈലക്കാട്ട് ചാലിൽ | 17 |
| 16 | മൂസ്സ കുന്നോത്ത് പറമ്പത്ത് | 16 |
| 17 | ജാനു കടുങ്ങോച്ചൻ കണ്ടി | 2 |

ആശ്രയ ഗുണഭോക്താക്കളെ ഭവന നിർമ്മാണ പദ്ധതി നടത്തിപ്പിൽ പരിഗണിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (23 /19-20 3.11.2021 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം നൽകി വിവരം അറിയിക്കേണ്ടതാണ്.

## 1-32 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തുക ചെലവഴിക്കുന്നത് സംബന്ധിച്ച്

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിക്കുന്ന വികസന ഫണ്ട് (എസ്.സി.പി) ചെലവ് തുകകൾ പദ്ധതി നടത്തിപ്പിനായി സിഡിഎസ് ന്റെ കേരള ഗ്രാമീണ ബാങ്കിലുള്ള അക്കൗണ്ടിലേക്ക് നിക്ഷേപിച്ച് (അക്കൗണ്ട് നമ്പർ 40642101055920 ) ഈ അക്കൗണ്ടിൽ നിന്ന് ചെലവഴിക്കുന്ന രീതിയാണ് തുടരുന്നത് . പ്രസ്തുത അക്കൗണ്ടിൽ നിന്ന് തുക അതാത് വാർഡുകളിലെ എ.ഡി.എസ് ന്റെ പേരിലേക്കാണ് നൽകുന്നത്. നിലവിൽ 1.11.2021 ന് കേരള ഗ്രാമീണ ബാങ്കിലുള്ള അക്കൗണ്ടിൽ 435123 രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇതിൽ 379225 രൂപ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുള്ള വികസന ഫണ്ട് എസ്.സി.പി വിഹിതമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | തുക | റിമാർക്സ് |
|---|---|---|
| 1 | 50000 | ആശ്രയ പദ്ധതിയ്ക്കായി ( 20/19-20 ) ആവശ്യകത പരിഗണിക്കാതെ |

| | | |
|---|---|---|
| | | അധികം പിൻവലിച്ചതുക |
| 2 | 44225 | 2018-19 ൽ ഭവന പുനരുദ്ധാരണത്തിന് ചെലവഴിക്കുന്നതിന് നൽകിയ തുകയാണ്. |
| 3 | 35000 | ശ്രീമതി .സരോജിനി (വാർഡ് 3) എന്ന ഗുണഭോക്താവിന് വീട് പൂർത്തീകരണത്തിനായി നൽകുക എന്ന ലക്ഷ്യത്തോടെ മുൻവർഷങ്ങളിലെ പദ്ധതിപ്രകാരം പിൻവലിച്ച ചെലവഴിക്കാതെ നിക്ഷേപിച്ചിട്ടുള്ള തുക |
| 4 | 250000 | 20-21 വർഷം വിവിധ ആശ്രയ ഗുണഭോക്താക്കളുടെ വീട് പൂർത്തീകരണത്തിനായി നൽകിയ തുക ചെലവഴിക്കാതെ സൂക്ഷിച്ചതാണ് |
| ആകെ | 379225 | |

നിലവിൽ ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രകാരം പഞ്ചായത്തിൽ നിന്ന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്ന രീതിക്ക് പകരം സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് ആണ് പഞ്ചായത്ത് തുക നൽകുന്നത്. ഇങ്ങനെ വികസന ഫണ്ട് ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനും സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് തുക കൈമാറാതെ ബാങ്ക് അക്കൗണ്ട് വഴി ട്രാൻസ്ഫർ ചെയ്യുന്നതിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ് . സർക്കാർ നിർദ്ദേശം ഉണ്ടായിട്ടും ഇങ്ങനെ ട്രാൻസ്ഫർ ചെയ്യുന്നത് മൂലം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുമുണ്ട് . കൂടാതെ ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനായി എ.ഡി.എസിന്റെ അക്കൗണ്ടിലേക്ക് നൽകി തുക വിനിയോഗിച്ചത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ( ഓഡിറ്റ് എൻക്വയറി 22/ 2019-20 തിയ്യതി 3.11.21)യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 1,2 എന്നിവ പ്രകാരമുള്ള 94225 രൂപ സർക്കാറിലേക്ക് തിരിച്ചടച്ച് രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. 3,4 എന്നിവ പ്രകാരമുള്ള 285000 രൂപ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-33 നൻമണ്ട ഗ്രാമ പഞ്ചായത്ത്ബഡ്സ് സ്കൂൾ സ്ഥലം വാങ്ങൽ പദ്ധതി അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്തില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2018- 19 വർഷത്തിൽ ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ (20/ 18 -19 ) മുദ്രപത്രം,രജിസ്ട്രേഷൻ ഫീസ് തുടങ്ങിയ ചെലവുകൾക്കായി വൗച്ചർ നമ്പർ 21800992/ 25.2.19 പ്രകാരം 146240 രൂപ സെക്രട്ടറിയ്ക്ക് അഡ്വാൻസ് നൽകിയിട്ടുണ്ട്. പദ്ധതിപ്രകാരം മേൽ ആവശ്യങ്ങൾക്ക് തുക തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. അഡ്വാൻസ് ആയി നൽകിയ 146246 രൂപ നാളിതുവരെ അഡ്ജസ്റ്റ് ചെയ്യാതെ അഡ്വാൻസ് രജിസ്റ്ററിൽ നീക്കിയിരിപ്പ് ആയിട്ടുള്ളതായി കാണുന്നു . ഈ പ്രൊജക്ടിന് സെക്രട്ടറിയ്ക്ക് അഡ്വാൻസ് നൽകാൻ ഉണ്ടായ സാഹചര്യം വ്യക്തമല്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് (എൻക്വയറി 24/ 2019-20 തിയ്യതി 3.11.21 )യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും തുക അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-34 പ്ളാസ്റ്റിക്ക് മാലിന്യ രഹിത ഗ്രാമം പദ്ധതി നിർവ്വഹണം-അപാകതകൾ

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ട് നംപർ : 34/20

വകയിരുത്തിയ തുക : 1737750(382800 വികസന ഫണ്ട്+1104950തനതു ഫണ്ട്)

ചെലവ് : 300000 (വികസന ഫണ്ട്)

: 600000 (തനതു ഫണ്ട്)

| ബിൽ നംപർ/ചെക്ക് നംപർ | തുക |
|---|---|
| 1/25-10-189 | 300000 |
| 3745/31-3-20 | 34756 |
| 5426477/30-3-20 | 265244 |
| 5462429/30-3-20 | 100000 |
| 5462429/28-10-19 | 100000 |
| 122900/20-11-19 | 100000 |
| ആകെ | 900000 |

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മുഴുവൻ അജൈവ മാലിന്യങ്ങളും ശുചിത്വ മിഷൻ എംപാനൽ ചെയ്ത ഏജൻസി വഴി നീക്കം ചെയ്തു കൊണ്ട് പോവുക എന്നതാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. 3/24-8-19 ഭരണസമിതി തീരുമാന പ്രകാരം 6 ചക്രമുള്ള ലോറിയിൽ നിയമാനുസൃത നികുതിയുൾപ്പെടെ 1 എം ക്യൂബ് മാലിന്യം നീക്കം ചെയ്യുന്നതിന് 650 രൂപ നിരക്കിൽ നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റ്,കോഴിക്കോട് എന്ന ഏജൻസിയുമായി കരാർ വച്ചിട്ടുണ്ട്. 15-10-19ലെ നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റിന്റെ വർക്ക് ബിൽ പ്രകാരം 1047.135 എം ക്യൂബ് മാലിന്യം നീക്കം ചെയ്തതിന് 650 രൂപ നിരക്കിൽ 680637.75 രൂപയും 28-10-19ലെ നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റിന്റെ വർക്ക് ബിൽ പ്രകാരം 1626.325 എം ക്യൂബ് മാലിന്യം നീക്കം ചെയ്തതിന് 650 രൂപ നിരക്കിൽ 1057113 രൂപയും ഉൾപ്പെടെ

ആകെ 1737750 രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 900000 രൂപ തൻവർഷം ഏജൻസിക്ക് നൽകുന്നതിന് വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട് (865244 നിറവിനും 34756 രൂപ ജി.എസ്.ടിയും ഉൾപ്പെടെ).

പ്രോജക്ട് പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. നിറവുമായുണ്ടാക്കിയ കരാർ വ്യവസ്ഥയിലെ നമ്പർ 10 വ്യവസ്ഥ പ്രകാരം പഞ്ചായത്തിൽ നിന്ന് ശേഖരിക്കുന്ന അജൈവ പാഴ് വസ്തുക്കൾ നിറവ് സെഗ്രിഗേഷൻ & റീസൈക്ളിംഗ് യൂണിറ്റിലേക്ക് കൊണ്ടുപോകുന്നതും ആയത് പ്രസ്തുത യൂണിറ്റിൽ ഏൽപ്പിച്ച വാഹന നംപർ സഹിതം രസീതി കൃത്യമായി വാങ്ങേണ്ടതും പ്രസ്തുത രശീതി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ അപ്രകാരമുള്ള രസീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. വ്യവസ്ഥ നമ്പർ 14പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച ബില്ലിനൊപ്പം ലോഡ് കയറ്റിയത് സംബന്ധിച്ച അളവ് പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖ പഞ്ചായത്ത് ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്.അപ്രകാരമുള്ള രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നിറവ് നൽകിയ വർക്ക് ബിൽ പ്രകാരമുള്ള തുക നൽകുക മാത്രമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ചെയ്തിരിക്കുന്നത്.

3. നിറവ് സീറോ വെയിസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് പഞ്ചായത്തുമായുണ്ടാക്കിയ കരാർ പ്രകാരം നൽകിയ തുകയുടെ ഇൻകം ടാക്സ് ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

4. പ്രൊജക്ട് പ്രകാരമുള്ള മാലിന്യ ശേഖരണം , സംഭരണം , നിറവ് സെഗ്രിഗേഷൻ യൂണിറ്റിലേക്ക് കൊണ്ടുപോകൽ എന്നിവ സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതു മാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (25/19-20 തീയ്യതി.3-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 900000 രൂപയുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 1-35 എസ്.എസ്.എ പദ്ധതി -പദ്ധതി രൂപീകരണത്തിൽ - പഞ്ചായത്ത് പങ്ക് വഹിച്ചില്ല

നിർവ്വഹണം - ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം. 67/20 പ്രകാരം, വികസന ഫണ്ട് (പൊതു) 500000/- രൂപയും (ബിൽ നം. 2/28.6.19 ) പ്രൊജക്ട് നം. 76/20 പ്രകാരം, വികസന ഫണ്ട് എസ്.സി.പി, 200000/- രൂപയും (ബിൽ നം. 3/28.6.19) അടക്കം ആകെ 6ലക്ഷം രൂപ എസ്.എസ്.എ. പഞ്ചായത്ത് വിഹിതമായി ജില്ലാ പ്രൊജക്ട് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭ.വ തീയ്യതി 29.1.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ തൻവർഷം പ്രൊജക്ട് രൂപീകരണത്തിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന നിർദ്ദേശങ്ങളോ രേഖകളോ ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്കൂളുകളിൽ എസ്.എസ്.എ. മുഖേന നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിദ്യാഭ്യാസം, കായികം, യുവജനക്ഷേമ വർക്കിങ്ങ് ഗ്രൂപ്പിൽ ചർച്ച നടത്തുകയോ ശുപാർശ ചെയ്യുകയോ ഉണ്ടായിട്ടില്ല. എസ്.എസ്.കെയിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സർട്ടിഫിക്കറ്റ് പ്രകാരം(നം.എ/894/SSK തീയ്യതി.29-7-202) ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിച്ച 6 ലക്ഷം രൂപ വിവിധ പ്രവർത്തനങ്ങൾക്കു വേണ്ടി ചെലവഴിച്ചു എന്നാണ് കാണിച്ചിരിക്കുന്നത്. എന്തൊക്കെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്നത് കൃത്യമായി കാണിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെയിൽ നിന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(7/19-20 തീയ്യതി.2-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിൽ നിർദ്ദേശിച്ച പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിലുള്ള വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത് എന്നത് കൃത്യമായി കാണിക്കുന്ന വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെയിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് നൽകേണ്ടതാണ്.

## 1-36 ഡെപ്പോസിറ്റ് പ്രവർത്തിയ്ക്ക് മുൻകൂർ നൽകി-പ്രവർത്തി പൂർത്തിയാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കനാലിന്റെ സമീപത്തുള്ള റോഡുകൾ നിർമ്മിക്കുന്നതിന്, ഇറിഗേഷൻ വകുപ്പിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനാണ് ഈപദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ചെലവ് തുക | ബിൽ നമ്പർ തിയ്യതി | കരാർ |
|---|---|---|---|
| 22/19-20ചീക്കിലോട് കൊളത്തൂർ ഹൈസ്കൂൾ കനാൽ റോഡ് | 500000 | 86161/14.11.2019 | 2/19-20/31.3.20 |
| 23/19-20 എരഞ്ഞിക്കോട്ട് താഴം ഏണാറുപൊയിൽ റോഡ് | 500000 | 86160/14.11.2019 | 1/19-20/31.3.20 |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ജല സേചന വകുപ്പ് ഈ പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ വിവരവും ഫൈനൽ ബില്ലും ലഭ്യമായിട്ടില്ല. ഈ ഡോപ്പോസിറ്റ് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. കരാർ വ്യവസ്ഥകളിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് സംബന്ധിച്ച വിവരമൊന്നും വ്യക്തമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ്എൻക്വയറി (നം. 11/19-20 തിയ്യതി 211.21 )യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-37 മെറ്റീരിയൽ വില -മാർക്കറ്റ് വിലയുമായി താരതമ്യപ്പെടുത്തുമ്പോൾ കേന്ദ്രഫണ്ടിൽ അധിക ചെലവ്

2019-20 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ വിവിധ മരാമത്ത് പ്രവൃത്തികൾക്ക് മെറ്റീരിയൽ സംഭരിച്ചതിന്റെ ഭാഗമായി 59,99,879/- രൂപ പഞ്ചായത്തിൽ ചെലവഴിച്ചിട്ടുണ്ട്.

ഇതിൽ പ്രധാന ചെലവിനങ്ങൾ വർക്കിനാവശ്യമായ മെറ്റീരിയൽ ആയ 40 എം.എം, 20 എം.എം, 10 എം.എം, മെറ്റലുകൾ, ക്വാറിമക്ക്, എം.സാന്റ് എന്നിവ വാങ്ങിയതിന്റെ ചെലവാണ്. ഈ സാധനസാമഗ്രികൾ വിതരണം ചെയ്യാൻ ടെൻഡർ ക്ഷണിച്ചതിൽ രണ്ടു കരാറുകാർക്കാണ് അതിനുള്ള അനുമതി നൽകിയിട്ടുള്ളത്. ഇരുവരും എസ്റ്റിമേറ്റ് നിരക്കിലാണ് മെറ്റീരിയൽ വിതരണം ചെയ്തിരിക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ ഒരു ക്രഷർ (നമ്പണ്ട ക്രഷർ)പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നും, മുക്കം ഫ്രണ്ട്സ് ക്രഷറിൽ നിന്നും പ്രാദേശികമായി മേൽ മെറ്റീരിയലുകളുടെ വില ക്വട്ടേഷൻ ആവശ്യപ്പെട്ടതിൽ 40, 20, 10 എം.എം. മെറ്റലുകൾക്ക് ഒരു ക്യൂബിക് ഫൂട്ടിന് യഥാക്രമം 33, 35, 36 രൂപയാണ് (മുക്കം ക്രഷറിലെ ഉയർന്ന വില) എം. സാന്റിന് ഒരു ക്യൂബിക് ഫൂട്ടിന് 44 രൂപയും, ക്വാറിമക്കിന് 25 രൂപയുമാണെന്നറിയിച്ചു. അതായത് 40, 20,10 എം.എം. മെറ്റലിംഗ് ഒരു മീറ്റർ ക്യൂബിന് യഥാക്രമം 1172, 1243, 1278 രൂപ (ഒരു ക്യൂബിക് മീറ്റർ=35.51 ക്യൂബ് റൂട്ട്) കണക്കാക്കിയാൽ, എം.സാന്റിന് 1562 രൂപയും, ക്വാറിമക്കിന് 888 രൂപയുമായിരിക്കും വില നൽകേണ്ടി വരിക. പ്രവൃത്തിയ്ക്ക് വേണ്ട മെറ്റീരിയൽ മേൽ ക്രഷറിൽ നിന്ന് ഗ്രാമപഞ്ചായത്ത് നേരിട്ട് വാങ്ങിയിരുന്നെങ്കിൽ, കരാറുകാരിൽ നിന്ന് വാങ്ങുന്നതിനേക്കാളും 2019-20 ൽ 13,30,608/- രൂപയുടെ കുറവ് ഉണ്ടാകുമായിരുന്നു.

എൻ.ആർ.ഇ.ജി.എസ് പ്രവർത്തിക്ക് ഉള്ള എസ്റ്റിമേറ്റിൽ ഡി.എസ്.ആർ. പ്രകാരമുള്ള മെറ്റീരിയൽ റേറ്റ് ആണ് Seccure സോഫ്റ്റ്‌വെയറിൽ ഉള്ളത്. അതാണ് ലോക്കൽ റേറ്റുമായി ഇത്രയധികം വില വ്യത്യാസം ഉണ്ടാകാനിടയായത്. കൂടാതെ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നതിന് സർക്കാർ പുറപ്പെടുവിച്ച 30.03.2012 ലെ 93/12/തസ്വഭവ ഉത്തരവിൽ കരാറുകാരിൽ നിന്ന് മെറ്റീരിയൽ വാങ്ങാമെന്ന് നിർദ്ദേശിച്ചിട്ടില്ല. കൂടാതെ 29.11.2010 ലെ ഭാരത സർക്കാർ മിനിസ്ട്രി ഓഫ് റൂറൽ ഡെവലപ്പ്മെന്റിന്റെ നിർദ്ദേശം ഖണ്ഡിക 2 (B)(IV) ൽ മെറ്റീരിയൽ വില റീസണബിൾ ആണെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്.

ഇവിടെ മേൽ നിർദ്ദേശത്തിന്റ വിരുദ്ധമായി മെറ്റീരിയൽ പഞ്ചായത്ത് പ്രദേശത്തെ ക്രഷറിൽ നിന്ന് വാങ്ങേണ്ടതിന് പകരം, വിതരണത്തിനായി കരാറുകാരെ ഏല്പിച്ച് നൽകി. കൂടാതെ വില ന്യായമാണെന്ന് ഉറപ്പ് വരുത്തിയതുമില്ല. ഇത് മൂലം കേന്ദ്രഫണ്ടിൽ 2019-20 വർഷത്തിൽ 13,30,608/- രൂപയുടെ അധിക ചെലവ് ഉണ്ടായി. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## 3-1 ഗ്രീൻ പ്രോട്ടോക്കോൾ - പരിസ്ഥിതി സൗഹൃദ പാത്രങ്ങൾ വാങ്ങൽ ടെണ്ടറിൽ ക്വാട്ടു ചെയ്തതിനേക്കാൾ അധികം തുക നൽകി

നിർവ്വഹണം : വി.ഇ.ഒ

പ്രൊജക്ട് നംപർ : 153/20

വകയിരുത്തിയ തുക : 200000(വികസന ഫണ്ട്)

ചെലവ് : 200000 (ബിൽ നംപർ 9/4-7-19)

മേൽ പ്രോജക്ട് മുഖേന ഫിഡ്കോ എന്റർപ്രൈസസ് ,ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന സ്റ്റീൽ പാത്രങ്ങൾ വാങ്ങി 17 വാർഡുകളിലെ എ.ഡി.എസിന് വിവിധ പൊതു പരിപാടികൾക്ക് നിശ്ചിതനിരക്കിൽ നൽകാൻ ലക്ഷ്യമിട്ടുകൊണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഫിഡ്കോ ഓരോ ഇനത്തിനും ക്വാട്ട് ചെയ്തിരിക്കുന്ന തുകയും, 49/30-8-2018 ലെ ഇൻവോയ്സ് പ്രകാരം ജി.എസ്.ടി ഉൾപ്പെടെ ഓരോയിനത്തിനും ഈടാക്കിയ തുകയും താഴെ കൊടുക്കുന്നു.

| ക്രമ നംപർ | ഇനം | ഒരെണ്ണത്തിന് ക്വാട്ട് ചെയ്ത നിരക്ക് (12% ജി.എസ്.ടി ഉൾപ്പെടെ) | വാങ്ങിയ എണ്ണം | ഈടാക്കേണ്ട വില | ഒരെണ്ണത്തിന് ഈടാക്കിയ നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ഈടാക്കിയ വില (ജി.എസ്.ടി ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | Steel Plate-12 Inch Dia (Heavy Type – Rice Plate) | 140 | 1093 | 153020 | 140 | 153020 |
| 2 | Steel Glass – 200 Ml(Heavy Water Glass) | 22 | 1093 | 24046 | 23.9904 | 26221.50 |
| 3 | Steel Glass – 100 Ml(Small For Payasam)) | 17 | 1093 | 18581 | 18.9952 | 20761.75 |
| | ആകെ | | | 195647 | | 200003.25 |
| | സ്ഥാപനത്തിന് നൽകിയ തുക | | | | | 200000 |
| | ഫിഡ്കോയ്ക്ക് അധികമായി നൽകിയ തുക | | | | | 4353 (200000-195647) |

ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(20/19-20 തീയ്യതി.3-11-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ഫിഡ്കോയ്ക്ക് ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയ 4353 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-2 കൃത്യമായ ഡാറ്റ ലഭ്യമായിട്ടും ഉയർന്ന നിരക്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി -അധിക ചെലവ്**

2019-20 വർഷത്തിൽ 40,000/- രൂപ അടങ്കൽ തുക യിൽ അസിസ്റ്റൻറ് എൻജിനീയർ നിർവഹണം നടത്തിയ പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ ഒരു ഇനം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് പൈപ്പ് ലൈൻ ഇടുന്നതിന് കുഴിയെടുക്കുന്നതിനുള്ള പ്രവർത്തിയാണ്. ഇതിനായി ഒബ്സേർവ്ഡ് ഡാറ്റ ആണ് ഉൾപ്പെടുത്തിയത്. ഒരു ഘനമീറ്റർ വ്യാപ്തിയിൽ പ്രവർത്തി ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 382.89/- രൂപ നിരക്കാണ് ഇതിൽ ഉൾപ്പെടുത്തിയത്. ഈ പ്രവർത്തിക്കായി പ്രൈസിൽ(DAR) ഐറ്റം 2.10.1 ആയി ഡാറ്റ ലഭ്യമാണ്. അതിൻറെ വിവരണം പരിശോധിച്ചാൽ പൈപ്പ് ലൈനുകൾക്കായി കുഴിയെടുത്ത് പൈപ്പിട്ട ശേഷം കുഴി മൂടി പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ളതാണ് ഇതെന്ന് കാണാം. ഇതിനായി നിരക്ക് കണക്കാക്കുന്നത് 180 മീറ്റർ നീളത്തിൽ 45 സെ.മീറ്റർ വീതിയിൽ 1.01 മീറ്റർ ആഴത്തിലും(ശരാശരി) കുഴിയെടുക്കുമ്പോൾ വേണ്ടിവരുന്ന 85.05 M3 മണ്ണ് പ്രവർത്തിക്കായിട്ടാണ്. ഇത്തരത്തിൽ തുക കണക്കാക്കി ഒരു മീറ്റർ നീളത്തിന് വേണ്ടിവരുന്ന നിരക്കിൽ എത്തുന്നു.

എന്നാൽ പഞ്ചായത്തിൽ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡാറ്റ പരിശോധിച്ചാൽ ഇവിടെ 85.05 എം ക്യൂബ് മണ്ണ് പ്രവർത്തിയ്ക്ക് തുക കണക്കാക്കുകയും അത് ഒരു എം ക്യൂബ് പ്രവർത്തിയുടെ നിരക്കിലേക്ക് മാറ്റുകയും ചെയ്തിരിക്കുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു,

| കോഡ് | വിവരണം | യൂണിറ്റ് | അളവ് | നിരക്ക് | തുക |
|---|---|---|---|---|---|
| 2.8.1 | Rate As Per Item Number 2.8.1 Of SH: Earth Work | Cum | 85.05 | 143.26 | 12184.52 |
| 2.25 | Rate As Per Item Number 2.25 Of SH: Earth Work | Cum | 85.05 | 108.27 | 9207.95 |
| Total | | | | | 21392.47 |
| Cost For 85.05 Cum | | | | | 21392.47 |
| Cost For 1 Cum | | | | | 251.53 |
| Add Water Charges @1% | | | | | 2.51 |
| Add CPOH @ 15% | | | | | 38.1 |
| Cost Index 31.06% | | | | | 90.74 |
| Total With Cost Index | | | | | 382.89 |

അടിസ്ഥാന ഡാറ്റയിൽ ഒരു മീറ്റർ നീളം ചെയ്യാൻ നിരക്ക് കണക്കാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു എം ക്യൂബ് നിരക്ക് കണക്കാക്കുന്ന രീതി അവലംബിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഓഡിറ്റിന് വ്യക്തമാകുന്നില്ല. ഇത്തരത്തിൽ ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തിയതിനാൽ ഉയർന്ന നിരക്കിൽ തുക നൽകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. മേൽവിവരിച്ച രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല.

യഥാർത്ഥ ഡാറ്റ (ഇനം) ലഭ്യമായിട്ടും, തെറ്റായ രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കി കരാറുകാരന് ഈയിനത്തിൽ 33579.45/-രൂപ നൽകിയിട്ടുണ്ട്(എം.ബുക്ക് നം 190/19-20 പേജ് 4 പ്രകാരം 87.7$m^3$ പ്രവൃത്തിയ്ക്ക് 382.89 രൂപ നിരക്കിൽ 33579.45/- രൂപ). യഥാർത്ഥ ഡാറ്റയായ 2.10.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഈ ചെലവ് 180.93/-രൂപ നിരക്കിൽ 15,867.5/- രൂപ മതിയാകുമായിരുന്നു. അധികമായി ചെലവാക്കിയ 17712/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതാണ്.

**3-3 പുളിക്കൽമല കുടിവെള്ള പദ്ധതി - പദ്ധതി രൂപീകരണത്തിലെ അപാകത**

നിർവ്വഹണം : അസി.എഞ്ചിനീയർ

അടങ്കൽ - 250000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് - 249850ബിൽ നം.9/19-20/16.8.19

ഈ പദ്ധതിയിൽ കിണറിൽ നിന്ന് ടാങ്കിലേയ്ക്ക് ജി.ഐ. പൈപ്പ് ഉപയോഗിച്ച് പമ്പിംഗ് മെയിൻ നിർമ്മിക്കുന്നതിനുള്ള ഇനങ്ങളാണ് (നാലിനങ്ങൾ) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. പ്രവൃത്തി അത്തോളി ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചു(കരാർ നം. 52/18-19/1.3.19). ഈ പ്രവൃത്തിയുടെ ടെണ്ടർ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്ഥാപനവുമായി കരാറിലേർപ്പെടുന്നതിനു മുമ്പേ 18.12.18 ലെ 2/ബി തീരുമാനപ്രകാരം മേൽ എസ്റ്റിമേറ്റ് പുതുക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റിന്റെ റിപ്പോർട്ടിൽ കാരണമായി രേഖപ്പെടുത്തിയത് " ഗുണഭോക്താക്കളുടെ അഭിപ്രായ പ്രകാരം പി.വി.സി. പൈപ്പ് സ്ഥാപിച്ചാൽ കൂടുതൽ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുമെന്നതിനാൽ" എന്നാണ്. തുടർന്ന് ആദ്യ എസ്റ്റിമേറ്റിലെ നാലിനങ്ങളും ഒഴിവാക്കി, നാല് എക്സ്ട്രാ ഇനങ്ങളുൾപ്പെടുത്തി പ്രവൃത്തി നടപ്പാക്കി. ഗുണഭോക്താക്കളുടെ അഭിപ്രായം ആരാഞ്ഞ്/ യഥാർത്ഥ ആവശ്യങ്ങൾക്കനുസരിച്ച് പ്രോജക്ട് തയ്യാറാക്കാൻ സാധിക്കാതിരുന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

എക്സ്ട്രാ ഇനം ഒന്നായി ഉൾപ്പെടുത്തിയത് പൈപ്പ് ഇടുന്നതിനുള്ള ട്രഞ്ചസ് നിർമ്മാണത്തിനുള്ള ഒബ്സേർവ്ഡ് ഡാറ്റയാണ്. തൻവർഷം അസി.എഞ്ചിനീയർ നിർവഹണം നടത്തിയ പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതി എന്ന പ്രോജക്ടിൽ ഇതേയിനം പ്രവൃത്തിയ്ക്ക് ഉൾപ്പെടുത്തിയ ഒബ്സേർവ്ഡ് ഡാറ്റയിൽ നിന്നും വ്യത്യസ്തമായ രീതിയിലാണ് ഈ പ്രോജക്ടിൽ തുക കണക്കാക്കിയിരിക്കുന്നത്. ഒരു ഘനമീറ്റർ വ്യാപ്തിയിൽ പ്രവൃത്തി ചെയ്യുന്നതിന് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ 382.89/- രൂപ നിരക്ക് പെരിങ്ങോട്ടുമല കുടിവെള്ള പദ്ധതിയ്ക്ക് കണക്കാക്കിയപ്പോൾ, ഈ പദ്ധതിയ്ക്ക് കണക്കാക്കിയത് 325.64/-രൂപയാണ് (ഒരേ കോസ്റ്റ് ഇൻഡക്സ് നിരക്കിൽ). ഈ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

ഈയിനം പ്രവർത്തിക്കായി പ്രൈസിൽ(DAR) ഐറ്റം 2.10.1 ആയി ഡാറ്റ ലഭ്യമാണ്. ഇതു പ്രകാരം ഒരു മീറ്റർ നീളം പ്രവൃത്തി ചെയ്യാൻ വേണ്ടിവരുന്ന തുകയാണ് കണക്കാക്കുന്നത്. എന്നാൽ അടിസ്ഥാന ഡാറ്റയിൽ ഒരു മീറ്റർ നീളം ചെയ്യാൻ നിരക്ക് കണക്കാക്കുന്നതിൽ നിന്ന് വ്യത്യസ്തമായി ഒരു എം ക്യൂബ് നിരക്ക് കണക്കാക്കുന്ന രീതി അവലംബിച്ചത് എന്ത് അടിസ്ഥാനത്തിലാണെന്ന് ഓഡിറ്റിന് വ്യക്തമാകുന്നില്ല. ഇത്തരത്തിൽ ഒബ്സേർവ്ഡ് ഡാറ്റ ഉൾപ്പെടുത്തിയതിനാൽ ഉയർന്ന നിരക്കിൽ തുക നൽകുന്ന അവസ്ഥയുണ്ടായിട്ടുണ്ട്. മേൽവിവരിച്ച രീതിയിൽ ഒബ്സേർവ്ഡ് ഡാറ്റ തയ്യാറാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആയത് വിശദീകരിക്കേണ്ടതാണ്.

അളവു പുസ്തകം 83/18-19 പേജ് 9 പ്രകാരം 80m3 ട്രഞ്ചസ് നിർമ്മാണം നടത്തിയതിന് 325.64രൂപ നിരക്കിൽ ആകെ 26051.2/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഈയിനത്തിന് ഐറ്റം 2.10.1 ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ് 14474.4/-(180.93 X 80 )രൂപ മാത്രമായി ചുരുങ്ങുമായിരുന്നു. അധികമായി ചെലവാക്കിയ 11,577/- രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ചെലവു നടത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിംന്റിംഗ് ഇനം - അധിക ചെലവ് സംബന്ധിച്ച്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പദ്ധതികളിൽ സംരക്ഷണ പ്രവൃത്തികൾക്ക് പുതിയ നിർമ്മിതിയ്ക്കായുള്ള ഇനം ഉൾപ്പെടുത്തി ചെലവഴിച്ചതിനാൽ അധിക തുക കരാറുകാർക്ക് ലഭിച്ചു. വിശദാംശം ചുവടെ കൊടുക്കുന്നു.

1. നന്മണ്ട സബ്സെന്റർ നവീകരണം (121/20)

അടങ്കൽ - 1,00,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് - 88585/- ബിൽ നം.18/19-20/18.1.20

നന്മണ്ട സബ്സെന്ററിൽ പല വിധ അറ്റകുറ്റ പണികളും, കെട്ടിടത്തിന്റെ പെയിന്റിംഗ് പ്രവൃത്തികളുമാണ് ഇതിലുൾപ്പെട്ടത്. ചുമരുകളുടെ പെയിന്റിംഗിനായി ഐറ്റം 7 ആയി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DARലെ 13.60.1എന്നതാണ്. ഇത് പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് പെയിംന്റ് ചെയ്യുന്നതിനുള്ളതാണ്. നേരത്തെ നിലവിലുണ്ടായിരുന്ന ചുമരിൽ വലിയ അളവിൽ പെയിംന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. DAR ലെ അദ്ധ്യായം 14ൽ റിപ്പയർ പ്രവൃത്തികൾക്ക് നൽകേണ്ട മേൽ പെയിംന്റ് ഉപയോഗിച്ച് ചെയ്യുന്ന ഐറ്റം 14.53.1 ആണ്. താരതമേന്യ കുറഞ്ഞ നിരക്ക് വരുന്ന ഈയിനം ഉൾപ്പെടുത്താത്തതിനാൽ പഞ്ചായത്തിന് 21459.52/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| 13.60.1 പ്രകാരം നൽകിയത് | 14.53.1 പ്രകാരം നൽകാവുന്നത് |
|---|---|
| അളവു പുസ്തകം 172/19-20 പേജ്<br>29 പ്രകാരം (കോസ്റ്റ് ഇൻഡക്സ് 31.06%)<br>560.74 X 110.68 = 62062.7/- | 560.74 X 72.41 = 40603.18/- |
| അധികം നൽകിയത് = 21459.52/- | |

2. സാംസ്കാരിക നിലയം മെയിന്റനൻസ്(പ്രോ.നം.227/20)

അടങ്കൽ - 1,00,000/- തനതുഫണ്ട്

ചെലവ് - 61397/-

പ്ലാസ്റ്ററിംഗ് പൊളിഞ്ഞിടത്ത് റിപ്പയറും, പെയിന്റിംഗ് പ്രവൃത്തികളുമാണ് ഇതിലുൾപ്പെടുത്തിയത്. എസ്റ്റിമേറ്റിലെ നാലാമത്തെ ഇനം കെട്ടിടത്തിലെ ഗ്രിൽസ്, ജനൽ, ഹാന്റ് റെയിൽ, റോളിംഗ് ഷട്ടർ എന്നിവയുടെ പെയിംന്റിഗിനായുള്ളതാണ്. ഇതിനായി ഉൾപ്പെടുത്തിയ ഇനം 13.61.1 ആണ്. അളവു പുസ്തകം 223/19-20 പേജ് 18പ്രകാരം 102.16 M2 പ്രവൃത്തിയ്ക്ക് 102.75രൂപ നിരക്കിൽ 10496.94രൂപ കരാറുകാരന് നൽകി. എന്നാൽ മേൽ ഇനത്തിന്റെ വിവരണം പരിശോധിച്ചാൽ പുതിയ നിർമ്മിതിയ്ക്ക് മുകളിൽ ചെയ്യേണ്ട പെയിംന്റിംഗ് പ്രവൃത്തിയാണിതെന്ന് കാണാം. DAR ലെ

അദ്ധ്യായം 14ൽ ഐറ്റം 14.54.1ആണ് പഴയ നിർമ്മിതിയ്ക്ക് മുകളിലെ പെയിന്റിംഗ് പ്രവൃത്തിയ്ക്ക് ഉപയോഗിക്കേണ്ടത്. പ്രസ്തുത ഐറ്റം ഉൾപ്പെടുത്തിയിരുന്നെങ്കിൽ 67.23/-രൂപ നിരക്കിൽ 6868.23/-രൂപ മാത്രമേ ചെലവാകുമായിരുന്നുള്ളൂ. ഈയിനം പ്രവൃത്തിയിൽ 3628.71 രൂപയുടെ അധികച്ചെലവുണ്ടായി.

മുകളിൽ വിവരിച്ച രീതിയിൽ റിപ്പയർ വർക്കുകൾക്ക് പുതിയ നിർമ്മിതിയുടെ ഇനം ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. അധികമായി ചെലവഴിച്ച ആകെ 25088/- രൂപ (21459.52+3628.71) കരാറുകാരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-5 തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ അധിക ചെലവ്

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയതു മൂലം അധിക ചെലവുണ്ടായിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

I. പ്രോജക്ട് : വെറ്ററിനറി ഡിസ്പെൻസറി ടോയ് ലെറ്റ് (നം.113/20)

അടങ്കൽ : 1,50,000/- സംരക്ഷണഗ്രാന്റ് റോഡിതരം

ചെലവ് : 96,659/- ബിൽ നം. 16/19-20/18.1.20

വെറ്ററിനറി ഡിസ്പെൻസറിയിൽ പുതിയ ടെയ് ലെറ്റ് നിർമ്മിക്കുന്നതാണ് പ്രോജക്ട്. ഒന്നര ലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതി ടെണ്ടർ ചെയ്ത് 1% കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത കെ.വിശ്വനാഥൻ എന്ന കരാറുകാരനെ ഏല്പിച്ചു. ഈ പദ്ധതിയ്ക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ മൂന്നാമത്തെ ഇനമായി ഉൾപ്പെടുത്തിയത് DARലെ ഐറ്റം 22.6 ആണ്. ഈ ഐറ്റത്തിന്റെ വിവരണം പരിശോധിച്ചാൽ റൂഫ് സ്ലാബിനു മുകളിലെ വാട്ടർ പ്രൂഫിംഗ് പ്രവൃത്തിയ്ക്ക് വേണ്ടിയുള്ള ഇനമാണിതെന്ന് വ്യക്തമാകും. എന്നാൽ ഈ പ്രവൃത്തിയിൽ ടോയ് ലെറ്റിന്റെ അടിവശവും, ഭിത്തിയിലും വാട്ടർ പ്രൂഫിംഗ് ചെയ്യുന്നതിനാണ് ഇതുപയോഗിച്ചിരിക്കുന്നത്. ഈ പ്രവൃത്തിയ്ക്കായി യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയാരുന്നത് 22.5 എന്ന DAR ലെ ഐറ്റമാണ്. അളവു പുസ്തകം 101/18-19 പേജ് 31പ്രകാരം 10.62 M2 വിസ്തൃതിയിൽ ചെയ്ത ഈ പ്രവൃത്തിയ്ക്ക് 5528.92രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മുകളിൽ വിവരിച്ച ഐറ്റം 22.5 ഉൾപ്പെടുത്തിയിരുന്നെങ്കിൽ 391/ച.മീ. നിരക്കിൽ ഈയിനത്തിലെ ചെലവ് 4152/-മതിയാകുമായിരുന്നു(അധികച്ചെലവ് 1377 രൂപ).

II. പ്രോജക്ട് : പഞ്ചായത്ത് ഓഫീസ് ലാട്രിൻ നവീകരണം (നം.182/20)

അടങ്കൽ : 1,00,000/- തനതുഫണ്ട്

ചെലവ് : 76120/- ചെക്ക് നം.5462404/30.7.19

ഈ പ്രേജക്ട് റിവൈസ് ചെയ്ത് പ്രവൃത്തി നടത്തിയപ്പോൾ ടൈൽസ് പൊളിച്ചുമാറ്റി നിലത്ത് ലീക്ക് പ്രൂഫ് മിശ്രിതം ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യാനായി DARലെ ഐറ്റം 22.6 എക്സ്ട്രാ ഐറ്റം 1 ആയി ഉൾപ്പെടുത്തുകയും, അളവു പുസ്തകം 86/18-19 പേജ് 27 പ്രകാരം 20.99 M2 വിസ്തീർണ്ണത്തിൽ പ്രവൃത്തി ചെയ്തതിന് 542.14/-രൂപ നിരക്കിൽ(കോസ്റ്റ് ഇൻഡക്സ് 37.25%) 11379.51/- രൂപ കരാറുകാരന് നൽകി. ഈ പ്രവൃത്തിയ്ക്കായി യഥാർത്ഥത്തിൽ ഉപയോഗിക്കേണ്ടിയിരുന്ന DAR ലെ ഐറ്റം 22.5 ഉൾപ്പെടുത്തിയിരുന്നെങ്കിൽ ഇത് 409.42/ച.മീ. നിരക്കിൽ 8594/-(409.42 X 20.99 = 8593.73) മതിയാകുമായിരുന്നു (അധികച്ചെലവ് – 2785/- രൂപ) .

മേൽ രണ്ടു പ്രവൃത്തികളിലുമായി അധികം നൽകിയ 4162/- രൂപ (1377 + 2785 ) ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതും, തെറ്റായ ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്.

## 3-6 ആശ്രയ പദ്ധതി ജനറൽ അധിക തുക ചെലവഴിച്ചു

പ്രൊജക്ട് - 2/19-20 ആശ്രയ പദ്ധതി

ചെലവ് - 200000( വികസന ഫണ്ട് ജനറൽ 125000,തനത് ഫണ്ട്- 75000

ബിൽ നമ്പർ - 473109/20.8.19, 462415/20.08.19

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ 200000 രൂപ ചെലവഴിച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോ ക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനാണ് ഈ പദ്ധതി രൂപീകരിച്ചത് . ഈ തുക സി.ഡി.എസ് ന് കൈമാറുന്നതിനാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതി പ്രകാരം ഏതെല്ലാം ഗുണഭോക്താവിന് എത്ര രൂപയാണ് ആവശ്യമുള്ളത് എന്നത് സംബന്ധി ച്ചുള്ള വിശദാംശങ്ങൾ ഒന്നും അസിസ്റ്റൻറ് സെക്രട്ടറി പ്രൊജക്റ്റ് ഫയലി നോടൊപ്പം സമർപ്പിച്ചിട്ടില്ല . 200000 രൂപ സി.ഡി.എസ് ന്റെ പേരിൽ കേരള ഗ്രാമീണ ബാങ്കിലെ 40642101055900 നമ്പർ അക്കൗണ്ടിലേക്ക് തുക കൈമാറുക മാത്രമാണ് ചെയ്തത് . അക്കൗണ്ട് പരിശോധിച്ചതിൽ ഈ പദ്ധതിയിൽ നിന്ന് 2 ഗുണഭോക്താക്കൾക്ക് ആണ് ആനുകൂല്യം നൽകിയിട്ടുള്ളത്. ശ്രീമതി സരോജിനി അരീക്കൽ മീത്തൽ വാർഡ് 3, ശ്രീമതി മീനാക്ഷി വാർഡ് 13 എന്നീ ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിനായി 75000 രൂപ വീതമാണ് ഈ പദ്ധതിയിൽ നിന്നും ചെലവഴിച്ചിട്ടുള്ളത് .ബാക്കി തുക സി.ഡി.എസ്

ന്റെ അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആവശ്യകത പരിഗണിക്കാതെ രണ്ട് ലക്ഷം രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പിൻവലിച്ച് കൈമാറിയിട്ടുള്ളതിനാൽ 50000 രൂപ അധികം വികസന ഫണ്ടിൽ നിന്ന്. ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. സി ഡി എസ് അക്കൗണ്ടിലേക്ക് കൈമാറി കിട്ടുന്ന ഈ തുക ബന്ധപ്പെട്ട എ.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് നൽകുന്നതായാണ് കാണുന്നത് തുക വിനിയോഗിച്ച് ഭവന പൂർത്തീകരണ നടത്തുന്നുണ്ടോ എന്നത് വ്യക്തമാകുന്നില്ല പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ആ കാര്യങ്ങളൊന്നും പരിശോധനാ വിധേയമാക്കുന്നത് ആയി കാണുന്നില്ല. കൃത്യമായ കണക്കില്ലാതെ പദ്ധതി രൂപീകരിച്ച നടപ്പാക്കിയത് മൂലം വികസന ഫണ്ടിൽനിന്ന് 50000 രൂപ അധികം ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട് അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി (10/ 2019-20 തിയ്യതി 2.11.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല ആവശ്യകതയില്ലാതെ പിൻ വലിച്ച വികസന ഫണ്ട് ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ചെലവഴിക്കാതെ ശേഷിക്കുന്ന 50,000/- രൂപ സി.ഡി.എസ് ന്റെ അക്കൗണ്ടിൽ നിന്ന് പിൻവലിച്ച് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിച്ച | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സെക്രട്ടറി ജില്ലാ പഞ്ചായത്ത് | 2019-20 | 18000 | സമഗ്ര പച്ചക്കറി കൃഷിവികസനം | 18000 | |
| | 2019-20 | 204000 | നെല്ല് കൃഷി വികസനം | 204000 | |
| | 2019-20 | 150000 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്/ ബത്തയും | 150000 | |
| | 2019-20 | 5000000 | വനിതാ വ്യവസായ കേന്ദ്രം നിർമ്മാണം | 2375301 | 2624699 |
| | 2019-20 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | |
| | 2019-20 | 30000 | ക്ഷീരഗ്രാമ പദ്ധതി | 30000 | |
| | ആകെ | | | 2877301 | |
| സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 15000 | സമഗ്ര പച്ചക്കറി കൃഷിവികസനം | 15000 | |
| | 2019-20 | 150000 | അനുപൂരക പോഷകാഹാര വിതരണ പരിപാടി | 150000 | |
| | 2019-20 | 170000 | നെല്ല് കൃഷി വികസനം | 170000 | |
| | 2019-20 | 400000 | ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്/ ബത്ത | 400000 | |
| | 2019-20 | 1000000 | ലൈഫ് ഭവനപദ്ധതി | 420000 | 580000 |
| | 2019-20 | 500000 | വനിതാ വ്യവസായ കേന്ദ്രം രണ്ടാം നില പൂർത്തികരണം | 497932 | 2068 |
| | 2019-20 | 900000 | ക്ഷീര കർഷകർക്ക് പാലിന് | 900000 | |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | 2019-20 | 200000 | കാലിത്തീറ്റ സബ്സിഡി | 200000 | |
| | 2019-20 | 201000 | വയോജനങ്ങൾക്ക് കട്ടിൽ നൽകൽ | 201000 | |
| ആകെ | | | | 2953932 | |

**4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം**

നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നംമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ.ഇ.കെ.വൈ, ഐ.പി.ഡിവിഷൻ | ചീക്കിലോട് കൊളത്തൂർ ഹൈസ്കൂൾ കനാൽ റോഡ് | 123/ 14.11/19 | 500000 | ------ | 500000 |
| ഇ.ഇ.കെ.വൈ, ഐ.പി.ഡിവിഷൻ | എരഞ്ഞിലോട്ട് താഴം - ഈണാറു പൊയിൽ റോഡ് | 123/ 12.11/19 | 500000 | ------ | 500000 |
| ഇ.ഇ.കെ.വൈ, ഐ.പി.ഡിവിഷൻ | തലോടിതാഴം മുണ്ടാടിമൂല റോഡ് | 145/ 07.12/19 | 500000 | ------ | 500000 |
| ഗ്രൗണ്ട് വാട്ടർ | പൂക്കുന്ന് മല കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 280/ 11.03.20 | 33500 | ------ | 33500 |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

| നിർവഹണ എജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ/ചെക്ക് നമ്പർ | മുൻകൂർ നല്കിയതുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

**4-5 വായ്പ/ വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC) | സ.ഉ(എം.എസ്) 68/ത.സ്വ.ഭ.വ 18/05/2018 | 17150500 | 17150500 | 1220588 | --- | 15929912 |

**4-6 .സ്ഥിരനിക്ഷേപങ്ങൾ.**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 811005 |
| തൻവർഷം നിക്ഷേപിച്ച തുക | 64589 |
| ആകെ | 875594 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |

| | |
|---|---|
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 875594 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ബാങ്കിന്റെ പേര് | സ്ഥിര നിക്ഷേപ നമ്പർ /തീയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| കെ.ഡി.സി ബാങ്ക് ബാലുശ്ശേരി | 921633/23.09.2019 | ഒരു വർഷം | 875594 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡികനമ്പർ | തുക | രശീത് നമ്പർ/തീയതി |
|---|---|---|---|
| 2017-18 | 3-5 | 5376 | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 30 | 2003-04 | 11.13.7.20 (പൊതുമരാമർശം) | നികുതി പിരിവിൽ അലംഭാവം |
| 2002-03 | 2-2 | 2006-07 | 3.79.2.3 (പൊതുമരാമർശം) | കെട്ടിടവാടക കുടിശ്ശിക |
| 2002-03 | 3-2 | 2006-07 | 3.79.13.4 (പൊതുമരാമർശം) | ഫർണിച്ചർ സിംഗിൾ ക്വട്ടേഷനിൽ വാങ്ങി |
| 2002-03 | 3-5 | 2006-07 | 3.79.16.6 (പൊതുമരാമർശം) | രോഗം ബാധിച്ച തെങ്ങ് വെട്ടിമാറ്റൽ |
| 2002-03 | 3-7 | 2006-07 | 3.79.17.3 (പൊതുമരാമർശം) | പെരിങ്ങാട്ടുമല ഐ.എച്ച്.ഡി.പി കോളനി റോഡ് പ്രവൃത്തി |
| 2002-03 | 3-10 | 2006-07 | 3.79.18.10 (പൊതുമരാമർശം) | കുടിവെള്ള പ്രവർത്തികൾ പൂർത്തിയാക്കിയില്ല. |
| 2015-16 | 4-26 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗ്രാമസഭ തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം |
| 2015-16 | 3.7.13 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | പദ്ധതി മാർഗ്ഗരേഖ അവഗണിച്ചു |
| 2015-16 | 4.2.2 | 2016-17 | പ്രവർത്തനക്ഷമതാ റിപ്പോർട്ട് | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64562871 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 79481122 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗികരിക്കാത്ത തുക | **1,12,892** |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **1632944** |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 4353 | ശ്രീമതി.മഞ്ജുള.പി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **3-2** | | **17712** | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |
| 3-3 | | **11577** | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |
| 3-4 | | **25088** | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയർ |
| 3-5 | | **4162** | ശ്രീമതി.സ്മിത എൻ അസി.എഞ്ചിനീയര് |
| 3-6 | | **50000** | ശ്രീ.കെ.രാജീവൻ , അസി.സെക്രട്ടറി |
| | | **1,12,892** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 7,981 | ഡോ.സരിത .മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| 1-26 | 7,24,963 | ശ്രീമതി.മഞ്ജുള.പി .വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1-34 | 9,00,000 | ശ്രീ.പ്രദീപ് കുമാർ ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| **ആകെ** | **1632944** | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-27, ആദായനികുതി – 14607/- രൂപ.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീമതി.മഞ്ജുള.പി<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | നന്മണ്ട<br>ഗ്രാമപഞ്ചായത്ത് | ചാത്തങ്ങേരി ഹൗസ്,<br>പുന്നശ്ശേരി പി.ഒ, നരിക്കുനി വഴി, കോഴിക്കോട് |
| ശ്രീ.പ്രദീപ് കുമാർ<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | നന്മണ്ട<br>ഗ്രാമപഞ്ചായത്ത് | കൊല്ലരുകണ്ടി ഹൗസ്,ചേവായൂർ,കോഴിക്കോട് |
| ശ്രീമതി.സ്മിത.എൻ<br>അസി.എഞ്ചിനീയർ | നന്മണ്ട<br>ഗ്രാമപഞ്ചായത്ത് | നീലാംകുഴി താഴം<br>പാവങ്ങാട്, പുതിയങ്ങാടി<br>കോഴിക്കോട്,673021 |
| ശ്രീ.കെ.രാജീവൻ ,<br>അസി.സെക്രട്ടറി | നന്മണ്ട<br>ഗ്രാമപഞ്ചായത്ത് | നമ്പർ ബി 9,ബി.എസ്.എൻ.എൽ,ക്വാർട്ടേഴ്സ്,<br>മലാപറമ്പ്,കോഴിക്കോട്,673009 |
| ഡോ.സരിത .മെഡിക്കൽ<br>ഓഫീസർ പി.എച്ച്.സി | നന്മണ്ട<br>ഗ്രാമപഞ്ചായത്ത് | വരേണ്യം ഹൗസ് ,തടമ്പാട്ടുതാഴം,കോഴിക്കോട് |

**4-10 ചാർജ്ജ് / സർച്ചാർജ്ജ് നടപടികളുടെ വിവരം**

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയതിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|
| | | ഇല്ല | | | |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1998-99 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>848/19/30.11.2019 | 3 | 30 എ, 27,29 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി<br>(പി2)1519/09(13)/05.04.2011 | 1 | 31 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി(പി12)<br>848(1)/19/30.11.2019 | 10 | 2-2, 2-3, 3-2. 3-5.<br>3-6(2),3-7,3-11,<br>3-12, 3-13, 3-10 |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി<br>(പി12)<br>848(2)/19/30.11.2019 | 7 | 2-2,2-3, 3-3, 3-4,<br>3-5, 3-6, 3-7 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>848(3)/19/30.11.2019 | 4 | 2-3,3-2,3-3,3-8 |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1534/19/30.11.2019 | 5 | 2-3,2-4,3-3, 3-5,<br>3-6, 4-6, 4-9 |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി(പി12<br>1535/19/30.11.2019 | 4 | 3-3, 3-4, 3-9,<br>4-7 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1536/19/30.11.2019 | 6 | 3-7, 3-8, 3-16,<br>3-19(1,4), 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>1537/19/30.11.2019 | 6 | 3-2, 3-13, 3-14,<br>3-15, 3-22, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി(പി12) | 15 | 1-2, 2-1, 3-2, 3-6, |

| | | | |
|---|---|---|---|
| | 1537/19/30.11.2019 | | 3-7, 3-8, 3-9, 3-12,<br>3-13, 3-14, 3-15,<br>3-16, 3-17, 3-18, 3-20 |
| 2010-11 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>2123/17/05.04.2018 | 12 | 1-3, 1-4(1,2,3),<br>2-2, 3-1, 3-4, 3-5, 3-7,<br>3-8, 3-12, 3-13, 3-14,(2), 3-17 |
| 2011-12 | കെ.എസ്.എ.കെ.കെ.ഡി(പി12)<br>2121/17/05.04.2018 | 11 | 1-5, 2-2,3-1(1,2,3,4),<br>3-2(5), 3-4, 3-6, 3-7,<br>3-8, 3-9, 3-12,3-15 |
| 2012-13 &<br>2013-14 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 12)/2122/17/16.04.2018 | 15 | 1-10, 3-2, 3-5, 3-6, 3-9,<br>3-10, 3-11,<br>3-12, 3-14, 3-15, 3-16, 3-19,<br>3-22, 3-23, 4-1 |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 12)/2199/17/28.03.2018 | 12 | 2-1, 2-2, 2-3, 3-2, 3-3,<br>3-5, 3-6, 3-7,<br>3-9, 3-11, 3-13, 3-18 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 12)/1017/17/08.12.2017 | 8 | 2-1, 2-2, 2-3, 3-5, 3-6,<br>3-7, 3-18, 3-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി<br>.(പി 12)/2125/17/22.03.2018 | 23 | 2-1, 2-3, 2-4, 2-7, 2-8,<br>2-9, 3-1, 3-2, 3-3,<br>3-4, 3-5,3-6, 3-7, 3-8,<br>3-9, 3-10, 3-11, 3-12, 3-13,<br>3-14,3-15, 3-16, 3-17 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി<br>.(പി 12)/2761/18/09.05.2019 | 19 | 2-3,2-4,2-6,3-3,3-4,3-4(2),<br>3-4(3),3-4(4),<br>3-4(5),3-4(6),3-4(7),3-4(9),<br>3-5,3-7,3-8,3-10,3-11(1),<br>3-11(2),3-11(4),3-12 |
| 2018 - 19 | കെ.എസ്.എ.കെ.കെ.ഡി.<br>(പി 3)/392/21/01.03.2021 | 31 | 1-1,1-2,1-3,1-5 മുതൽ 1-26വരെയും 3-1,4-10,4-11 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**അനുബന്ധം-2**

**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

കോഴിക്കോട് ജില്ലയിലെ നന്മണ്ട ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്